ഡിസംബർ 2024

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ





SINCE 1980
CHERUPUSHPAM
GOLD LOAN
AN ISO 9001-2008 CERTIFIED COMPANY
Cherupushpam Kuries Olarikkara Pvt. Ltd,
Olarikkara, Pullazhy P.O., Thrissur -680 012
Mob: 8547667788,8547778899
E-mail: cherupushpamkuries@gmail.com
www.cherupushpamkuries.com
Dr. Joy Anto, Managing Director
Jolly Stephan, Chairman



# മരിയനാദം


സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027

Email:mariyanadham.info@gmail.com
www.ayyantholechurch.com

**പുസ്തകം 30**
**2024 ഡിസംബർ**
**ലക്കം 12**



ചീഫ് എഡിറ്റർ
**ഫാ. വർഗ്ഗീസ് എടക്കളത്തൂർ** 9656020925

മാനേജിംഗ് എഡിറ്റർ
**ശ്രീ. ജേക്കബ് തോലത്ത്** 9495565910

അസ്സോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. ഗ്രേസി ജോണി വടക്കേത്തല 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. ജോയ്സ് മരിയ 9072371675
ശ്രീ. ജെയ്സൻ കൂള 9495062073
ശ്രീ. ടോണി തരകൻ 9447728883
ശ്രീ. ജെയിംസ് കളപ്പുരയ്ക്കൽ 9847551115
ശ്രീ. ജോഫിൻ കൊളങ്ങര 8943554456
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560
ശ്രീ. ഫ്രാൻസീസ് അറങ്ങാശ്ശേരി 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് 9496093192
ശ്രീമതി ബീന വിൻസെന്റ് 8848632006
ശ്രീമതി നൈന ഷാജു 9496760313

എക്സ് ഒഫീഷ്യോ മെമ്പർമാർ
ശ്രീ. മേജോ കെ.ജെ 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർലിൻ ജോഷി 9544962005
(കേന്ദ്രസമിതി സെക്രട്ടറി)

നടത്തുകൈക്കാരൻ
ശ്രീ. ജോഷി തട്ടിൽ 9497145999


## താളുകളിലൂടെ...


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഓർമ്മിക്കുക ആചരിക്കുക | 03 |
| ഇടയശബ്ദം | 04 |
| പ്രതിനിധിയോഗ വാർത്തകൾ | 06 |
| വിശ്വാസ പരിശീലനവാർത്തകൾ | 08 |
| സുബാറ | 09 |
| സൂക്ഷിപ്പുകാർ | 10 |
| സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി | 11 |
| അറിയിപ്പ് | 11 |
| കുടുംബകൂ'ായ്മ കേന്ദ്രസമിതി വാർത്തകൾ | 12 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 17 |
| ഞങ്ങൾ വരവായി | 19 |
| ഞങ്ങൾ ഒന്നായി | 19 |
| ഞങ്ങൾ യാത്രയായി | 20 |
| ഇടവകയിൽനിന്നും മാറിപോയവർ | 20 |
| ഇടവകയിലേക്ക് വന്നവർ | 21 |
| നന്ദി ചോരുന്ന ഹൃദയം | 22 |
| ഈശോക്കൊപ്പം | 23 |
| എന്റെ ക്രിസ്തുമസ് ഓർമ്മകൾ | 24 |
| മുനമ്പം ജനതയുടെ മൗലികാവകാശങ്ങൾ .. | 25 |
| ആട്ടിടയന്മാർക്കു ലഭിച്ച സദ് വാർത്ത | 26 |
| ഹൃദ്യമായ ക്രിസ്തുമസ്സ് | 27 |
| ലോഗോസ് ക്വിസ് വിജയികൾ | 28 |
| ക്രിസ്തുമസ്സ് കൃപലഭിച്ചവരുടെ ദിനം | 29 |
| മറ്റുള്ളവരിലെ നന്മകണ്ട് സന്തോഷിക്കാൻ | 31 |
| ദൈവം ഒരു കുഞ്ഞായ് വരുമ്പോൾ | 32 |
| ബൈബിൾ ക്വിസ് | 33 |
| ചായക്കൂട്ട് മത്സരം | 36 |


**നടത്തുകൈക്കാരൻ**
ശ്രീ. ജോഷി തട്ടിൽ 9497145999

### പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

### ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

സാധാരണ ദിവസം – **6.30 a.m**
ഞായർ – **6.30 a.m 9.45 a.m**


കവ്വർ : വിൽസൺ ആളൂർ കൊക്കൻ–+919745844551

# എഡിറ്റോറിയൽ



# സ്വർഗ്ഗമായ ഭൂമി

മനുഷ്യർ നൽകിയ മുറിപ്പാടുകളുമായി സ്വർഗ്ഗപിതാവിന്റെ സന്നിധിയിലേക്ക് തിരിച്ചെത്തിയ ഈശോയോട് ഒരു കുഞ്ഞുമാലാഖ ചോദിച്ചു: "അങ്ങേയ്ക്കിപ്പോൾ ഏതാണ് ഇഷ്ടം, സ്വർഗ്ഗമോ, ഭൂമിയോ." 'സ്വർഗ്ഗമായ ഭൂമി' ഈശോ മറുപടി പറഞ്ഞു: ഭൂമിയെ സ്വർഗ്ഗമാക്കുകയെന്നതാണല്ലോ അവന്റെ ലക്ഷ്യം. തന്റെ പരസ്യജീവിതം ക്രിസ്തു ആരംഭിച്ചത് സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പറഞ്ഞാണ്. പ്രാർത്ഥിക്കാൻ പഠിപ്പിച്ചതോ "ഭൂമിയിൽ സ്വർഗ്ഗരാജ്യം വരണമേയെന്നും." ലൂക്കാ 11/21ൽ കാണുന്നതാകട്ടെ സ്വർഗ്ഗരാജ്യം നിങ്ങളുടെ ഉള്ളിൽ തന്നെയാണ് എന്നത്രേ. ഉള്ളിൽ നന്മനിറയുമ്പോഴാണല്ലോ നന്മ ചിന്തിക്കാനും, പ്രവർത്തിക്കാനും സാധിക്കുക. ഭൂമിയിൽ നല്ല മനസ്സുള്ളവർ സ്വർഗ്ഗത്തിന്റെ സന്തോഷവും, സമാധാനവും ആസ്വദിക്കും.

1914ലെ ഒന്നാം ലോകമഹായുദ്ധകാലത്തെ ഒരു ക്രിസ്തുമസ് ആഘോഷ സംഭവം കേൾക്കണ്ടേ. യുദ്ധത്തിന്റേതായ സകല ക്രൗരഭാവങ്ങളും മറന്ന് ശത്രുക്കൾ ഒരുമിച്ച് കൊണ്ടാടിയ ഒരു ക്രിസ്തുമസ് ആഘോഷം ചരിത്രത്തിന് പറയാനുണ്ട്. ജൂലൈ മാസത്തിൽ യുദ്ധം ആരംഭിച്ചപ്പോൾ ക്രിസ്തുമസ് വരെ അതു നീണ്ടു നില്ക്കുമെന്ന് ആരും കരുതിയില്ല. ക്രിസ്തുമസിന് വീട്ടിലെത്തിച്ചേരാൻ സാധിക്കാത്തതിലുള്ള നിരാശയായിരുന്നു ഓരോ പട്ടാളക്കാരനും. മൂകത തളംകെട്ടിനിന്ന ആ ക്രിസ്തുമസ് രാത്രിയിൽ ഒരു ടെന്റിൽനിന്നും "സൈലന്റ് നൈറ്റ്" എന്ന കരോൾഗാനം ഉയർന്നുകേട്ടു. അത് ശ്രവിച്ച ഹൃദയങ്ങൾ തീഷ്ണമായ വികാരവായ്പോടെ ആ ഈരടികൾ ഏറ്റുപാടി, സാവധാനം അതൊരു സംഘഗാനമായി മാറി. പിന്നെ നടന്നതിപ്രകാരമാണ്; ഫ്രഞ്ചുകാരും, ഇംഗ്ലീഷുകാരും ശത്രുപക്ഷത്തുള്ള ജർമ്മൻകാരും ആ ഗാനം ഏറ്റുപാടിക്കൊണ്ട് 'നോമാൻസ് ലാൻഡിൽ" ഒത്തുകൂടി. ശത്രുത മറന്ന് അവർ മിത്രങ്ങളായി, പരസ്പരം ആശംസകൾ നേർന്നു. ഇതിലും വലിയ ഏതു ക്രിസ്തുമസ് സന്ദേശമാണ് ഇനി ലോകത്തിന് ലഭിക്കുക. പരസ്പരം മറക്കാനും പൊറുക്കാനുമുള്ള വലിയ ഒരു സന്ദേശത്തിന് ലോകം സാക്ഷിയായി. ക്രിസ്തുമസ് രാവിൽ മാലാഖമാർ നിബന്ധനയോടുകൂടിയ ഒരു വാഗ്ദാനം പ്രഘോഷിച്ചിരുന്നു. സന്മനസ്സുള്ളോർക്ക് സമാധാനം. ആ ഉപാധി ഇവിടെ നിറവേറുകയായിരുന്നു.

വർഷങ്ങൾക്കുമുമ്പ് ബെത്‌ലേഹമിലെ കാലിത്തൊഴുത്തിൽ ജനിച്ച നമ്മുടെ

രക്ഷകന്റെ ഓർമ്മ ആചരിക്കുന്ന ഡിസംബർ മാസത്തിൽ നമ്മിൽ നിറയുന്നത് സ്നേഹത്തിന്റേയും, സമാധാനത്തിന്റേയും, സന്തോഷത്തിന്റേയും സമ്മിശ്ര വികാരങ്ങളാണ്. നമ്മുടെ തമ്പുരാൻ എവിടെ ജനിക്കുന്നു എന്നതിനേക്കാൾ ആര് അവനെ സ്വന്തമാക്കുന്നു എന്നതാണ് പ്രധാനം. അതല്ലെ പാശ്ചാത്യദേശത്ത് ജനിച്ച യേശുവിനെ തേടി പൗരസ്ത്യദേശത്തു നിന്നുള്ള ജ്ഞാനികൾ എത്തിച്ചേർന്നു എന്നതിന്റെ പൊരുൾ. വിജാതീയരായ ഈ ജ്ഞാനികൾ തങ്ങളുടെ യാത്രയിലുണ്ടായ എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് ദൈവം കാണിച്ചുകൊടുത്ത നക്ഷത്രത്തെ പിന്തുടർന്നു ഉണ്ണിയേശുവിനെ കണ്ടെത്തി ആരാധിച്ച് സമർപ്പണം നടത്തി. അവരുടെ യാത്രയിൽ പ്രതിസന്ധികളേറെ ഉണ്ടായിരുന്നു. നമ്മുടെ യാത്രകളിലും തടസ്സങ്ങളേറെ ഉണ്ടാകാം. എന്നാൽ ലക്ഷ്യം മറക്കാതെ ജ്ഞാനികളെപ്പോലെ നമുക്കും യാത്ര ചെയ്യേണ്ടിയിരിക്കുന്നു. ക്രിസ്തുവിനെ കണ്ടെത്തിയവരെല്ലാം പുതുവഴി വെട്ടിത്തെളിച്ചവരാണ്. ദരിദ്രരിൽ ദരിദ്രനായി ജനിച്ചവന്റെ ഓർമ്മയിൽ നമുക്ക് സ്വാർത്ഥതാല്പര്യങ്ങൾ കൈവെടിയാം. ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സ്വർഗ്ഗത്തിന്റെ സന്തോഷവും സമാധാനവും ഒപ്പം അനുഗ്രഹപ്രദമായ ക്രിസ്തുമസ്സ് പുതുവത്സരാശംസകളും നേരുന്നു.

**പത്രാധിപസമിതി**




## ഓർമ്മിക്കുക ആചരിക്കുക

**2024 ഡിസംബർ**

| | | |
|---|---|---|
| 3 - 12 - 24 | ചൊവ്വ | വി. ഫ്രാൻസിസ് സേവ്യർ |
| 6 - 12 - 24 | വെള്ളി | വി. നിക്കോളാസ് |
| 7 - 12 - 24 | ശനി | വി. അബ്രോസ് |
| 8 - 12 - 24 | ഞായർ | മാതാവിന്റെ അമലോത്ഭവതിരുനാൾ |
| 14 - 12 - 24 | ശനി | കുരിശിന്റെ വി. യോഹന്നാൻ |
| 25 - 12 - 24 | ബുധൻ | ക്രിസ്തുമസ് |
| 27 - 12 - 24 | വെള്ളി | വി. യോഹന്നാൻശ്ലീഹാ |
| 28 - 12 - 24 | ശനി | കുഞ്ഞിപൈതങ്ങൾ |




സ്നേഹമുള്ള കുടുംബാംഗങ്ങളേ,

നമുക്കേവർക്കും പ്രിയങ്കരമായ ഡിസംബർമാസത്തിലേക്ക് പ്രവേശിക്കുകയാണ്. ക്രിസ്മസിനുള്ള ഒരുക്കവും ക്രിസ്മസ് ആഘോഷവുമാണല്ലോ ഡിസംബറിനെ പ്രിയങ്കരമാക്കുന്നത്. ക്രിസ്തുവിന് പിറക്കുവാൻ ഇടം ഒരുക്കുവാനുള്ള ഉത്സാഹമാകട്ടെ നമ്മുടെ ക്രിസ്മസ് ആഘോഷം. ക്രിസ്തു പിറക്കുവാൻ ഇഷ്ടപ്പെടുന്ന പുൽക്കൂട് എന്റെ ഹൃദയമാണ്. എന്റെ ജീവിതവും നന്മപ്രവൃത്തികളും ഞാൻ അനുഷ്ഠിക്കുന്ന സുകൃതങ്ങളും ക്രിസ്തുവിനോടു ചേർന്നിരിക്കുവാനുള്ള എന്റെ അഭിലാഷമായ പ്രാർത്ഥനകളും സഹനജീവിതവും എന്റെ ഹൃദയത്തിൽ ക്രിസ്തുവിന് പിറക്കുവാനുള്ള ഒരിടം രൂപപ്പെടുത്തുന്നുണ്ട്. അങ്ങനെയെങ്കിൽ എന്റെ പുൽക്കൂടു നിർമ്മാണം ഏറെ ശ്രദ്ധയോടെയാകണം, അവനിഷ്ടപ്പെടുന്ന വിധത്തിലാവണം. ഹൃദയത്തിന്റെ കറകൾ നീക്കി പ്രാർത്ഥനകൊണ്ടും വിശുദ്ധികൊണ്ടും നന്മപ്രവൃത്തികൾ കൊണ്ടും അലങ്കരിക്കണം. അങ്ങനെയെങ്കിൽ എന്റെ ജീവിതത്തിൽ ക്രിസ്തു എന്നും കൂട്ടിനുണ്ടാകും. മുറ്റത്തൊരുക്കുന്ന പുൽക്കൂട് ഒരു ഓർമ്മപ്പെടുത്തൽ മാത്രമാണ്, അത് പൊളിച്ചുകളയാനുള്ളതാണ്. ഹൃദയപുൽക്കൂട് - അത് നിത്യതയാണ്, ക്രിസ്തു അതിൽ നിത്യമായും വസിക്കും. അർത്ഥപൂർണ്ണമായി ക്രിസ്തുമസ് ആഘോഷിച്ച് നമ്മിലെ ക്രിസ്തുചൈതന്യം വർദ്ധിപ്പിക്കാം, നിലനിർത്താം.

ക്രിസ്തുമസിനൊരുക്കമായി മൂന്നു കാര്യങ്ങൾ ഓർമ്മിപ്പിക്കട്ടെ.

1. ക്രിസ്മസിനൊരുങ്ങുന്ന 25 ദിവസങ്ങളിലും ബലിയർപ്പിച്ച് ഈശോയെ സ്വീകരിക്കണം. അതിനൊരുക്കമായി നവംബർ അവസാനം കുമ്പസാരത്തിനൊരുക്കുന്ന സൗകര്യം പ്രയോജനപ്പെടുത്തണം.
2. ക്രിസ്തുമസ് ദിവസത്തെ കുർബാന സ്വീകരണവും ഏറ്റവും ഒരുക്കത്തോടെയാകുവാൻ ക്രിസ്തുമസിന് തൊട്ടുമുമ്പ് ഒരുക്കുന്ന കുമ്പസാരസൗകര്യവും പ്രയോജനപ്പെടുത്തണം.
3. ക്രിസ്തുമസിനൊരുക്കമായി രോഗികൾക്കും പ്രായമായവർക്കും കുമ്പസാരിച്ച്

കുർബാന സ്വീകരിക്കുവാൻ ഒരുക്കുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കുടുംബാംഗങ്ങൾ സഹകരിക്കണം. അങ്ങനെയുള്ളവരുടെ വിവരങ്ങൾ പള്ളി ഓഫീസിൽ അറിയിക്കണം. വി. കുർബാന കൊണ്ടുവരുമ്പോൾ വീട് വൃത്തിയായിരിക്കുവാനും കുടുംബാംഗങ്ങളും ഈശോയെ സ്വീകരിക്കത്തക്കവിധത്തിൽ വസ്ത്രധാരണം നടത്തി ഒരുങ്ങിയിരിക്കുവാനും, രോഗിയെ ഒരുക്കുവാനും, വി.കുർബാന പ്രതിഷ്ഠിക്കുവാനുള്ള സ്ഥലം ഒരുക്കിവയ്ക്കുവാനും ശ്രദ്ധിക്കണം. അച്ചൻ രോഗിയെ കുമ്പസാരിപ്പിക്കുമ്പോൾ കുടുംബാംഗങ്ങൾ വി.കുർബാനയ്ക്കുമുൻപിൽ മുട്ടുകുത്തി പ്രാർത്ഥനയിൽ സമയം ചിലവഴിക്കണം.

***എല്ലാവർക്കും ക്രിസ്മസിന്റെ നന്മകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.***

യേശുവിൽ സ്നേഹപൂർവ്വം,

**വർഗ്ഗീസച്ചൻ**

**വെൺമഞ്ഞു പൊഴിയുന്ന വെണ്ണിലാവിൽ**
**മാലാഖമാരുടെ ഗാനാലപത്തിൽ**
**നിഷ്ക്കളങ്കഭാവം ചാലിച്ച**
**ആട്ടിടയരുടെ ഓട്ടപാച്ചിലിൽ**
**വഴികാട്ടിയാം താരകം നയിച്ച**
**പൂജരാജാക്കന്മാരോട് ചേർന്ന്**
**വിശുദ്ധിയുടെ സ്വർണ്ണവും മീറയും,**
**കുന്തിരിക്കവും കാഴ്ച വച്ച്**
**സ്വർഗം താണിറങ്ങി സമ്മാനിച്ച**
**ദൈവ കുമാരനായ്**
**ആശംസകളുടെ താരാവലി**
**എല്ലാവർക്കും നേരുന്നു.**



**"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം**
**ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം"**

*Merry Christmas & Happy New Year*

**പത്രാധിപസമിതി**

# 20.10.24 തിയതിയിലെ പ്രതിനിധിയോഗം തീരുമാനങ്ങൾ

1. 2024 സെപ്തംബർമാസത്തെ കണക്കും ഓഡിറ്റ് റിപ്പോർട്ടും പ്രതിനിധിയോഗം റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
2. പള്ളിയുടെ തെരട്ട് കണക്ക് 2024 വായിച്ചു പാസ്സാക്കി.
3. തിരുനാൾകണക്ക് ജനുവരി 2024 വായിച്ചു പാസ്സാക്കി. ബാക്കി നീക്കിയിരിപ്പ് സംഖ്യയിൽ പള്ളി അക്കൗണ്ടിലേക്ക് ഒരു ലക്ഷം രൂപ നൽകാൻ തീരുമാനിച്ചു.
4. പള്ളിയുടെ അക്കൗണ്ടിൽനിന്ന് പള്ളി നിർമ്മാണഫണ്ടിലേക്ക് ആവശ്യമായ ഫണ്ട് ട്രാൻസ്ഫർ ചെയ്യുക.
5. പള്ളി കെട്ടിടത്തിലെ ഫസ്റ്റ് ഫ്ളോറിലെ ഒഴിഞ്ഞ മുറി വാടകയ്ക്ക് കൊടുക്കുന്നതിന് പള്ളിയിൽ വിളിച്ചുപറഞ്ഞും, കെട്ടിടമുറിയോട് ചേർന്ന് ഫ്ളക്സ് വെക്കാനും തീരുമാനിച്ചു.
6. പുതിയ കൈക്കാരന്മാരുടെ ചുമതല ഏൽക്കുന്ന ചടങ്ങ് പള്ളിയിൽവച്ച് നടത്തുവാൻ തീരുമാനിച്ചു.
7. 2024 നവംബർ 1ന് വൈകീട്ട് വലിയ ഒപ്പീസ് നടത്തുവാനും നവംബർ 2 ന് വിശുദ്ധ കുർബാനയും ചെറിയ ഒപ്പീസും നടത്തുവാനും തീരുമാനിച്ചു.
8. പ്രതിമാസം 3-ാം ബുധനാഴ്ച നേർച്ച നടത്തുന്നതിന് ആവശ്യമായ പാത്രങ്ങൾ പ്രതിനിധിയോഗം അംഗങ്ങൾ സജീവമായി സ്പോൺസർ ചെയ്യുകയും ബാക്കി ഇടവകയിൽ നിന്നും സ്പോൺസർമാരെ കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും അല്ലാത്തപക്ഷം പള്ളി അക്കൗണ്ടിൽ നിന്നും നൽകി വാങ്ങുക.
9. കൃഷി ഓഫീസ് മീറ്റിങ്ങിൽ 'കാർഷികമേള'ക്ക് Cana-dine ഹാൾ ഒരു പൊതു ആവശ്യം കണക്കിലെടുത്ത് നൽകാൻ തീരുമാനിച്ചു.
10. യേശുദാസിന്റെ അപേക്ഷ പരിഗണിച്ച് തീരുമാനമെടുക്കാൻ കേന്ദ്രസമിതിയും വിൻസന്റ് ഡി പോൾ സംയുക്തമായി അന്വേഷിച്ച് ഇടപെട്ട് തീർപ്പ് കൽപ്പിക്കാൻ തീരുമാനിച്ചു.
11. ഇടവകയിൽ സംഘടനകൾ മുതലായ പിരിവുകൾ നടത്തുമ്പോൾ വികാരിയച്ചന്റെ അറിവോടും അനുവാദത്തോടും കൂടി നടത്തണമെന്ന് തീരുമാനിച്ചു.
12. പ്രൊജക്ടർ വാങ്ങാൻ തീരുമാനിച്ചു. സ്ക്രീൻ വാങ്ങാനും തീരുമാനിച്ചു.

# 17.11.24 തിയ്യതിയിലെ പ്രതിനിധിയോഗം തീരുമാനങ്ങൾ

1. 2024 ഒക്ടോബർ മാസത്തിലെ കണക്കും ഓഡിറ്റ് റിപ്പോർട്ടും പ്രതിനിധിയോഗം റിപ്പോർട്ടും വായിച്ചു പാസ്സാക്കി.

2. പുതിയ കൈക്കാരന്മാരായ 1) ജോഷി തട്ടിൽ 2) വിൽസൻ കൈപ്പറമ്പിൽ 3) സെബാസ്റ്റ്യൻ ഒഴുകയിൽ 4) അഗസ്റ്റിൻ തരകൻ എന്നിവരെ സ്വാഗതം ചെയ്തു. പഴയ കൈക്കാരന്മാരുടെ പ്രവർത്തനങ്ങൾക്ക് യോഗം അഭിനന്ദനങ്ങൾ അറിയിച്ചു.
3. അയ്യന്തോൾ പള്ളി കൺസ്ട്രക്ഷൻ, കറന്റ് എക്കൗണ്ട് സൗത്ത് ഇന്ത്യൻ ബാങ്ക് അയ്യന്തോൾ ശാഖയിൽ തുടങ്ങുവാൻ തീരുമാനിച്ചു.
4. മാതൃവേദിയുടെ എക്കൗണ്ട് സൗത്ത് ഇന്ത്യൻ ബാങ്ക് അയ്യന്തോൾ ശാഖയിൽ തുടങ്ങുവാനും സെന്റ് മേരീസ് അസംപ്ഷൻ പള്ളിയുടെ മാതൃവേദി യൂണിറ്റ് വികാരിയച്ചന്റേയും മാതൃവേദിയുടെ ട്രഷററുടേയും ജോയിന്റ് ആയി സേവിങ്ങ് ബാങ്ക് അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്ന വിധത്തിൽ open ചെയ്യുവാൻ തീരുമാനിച്ചു.
5. പള്ളിയുടെ മുൻവശം റോഡ് വീതി കൂട്ടുന്നതിൽ നഷ്ടപ്പെടുന്ന പള്ളിയുടെ സ്ഥലത്തിന് നിയമാനുസരണം അർഹതപ്പെട്ട സംഖ്യ ലഭിക്കാനും വേണ്ട നടപടികൾ കൈക്കൊള്ളുക.
6. പള്ളിയിലെ ഇപ്പോഴത്തെ കപ്യാർക്ക് 60 വയസ്സ് പൂർത്തികരിച്ചെങ്കിലും ഒരു വർഷത്തേക്ക് കപ്യാർ സേവനം കാലാവധി extend ചെയ്യാൻ അനുവദിച്ചു.
7. പള്ളി ക്രിസ്തുമസ് കൂട് പണിയുന്നതിന് പരമാവധി ലിമിറ്റ് 50000 രൂപ അനുവദിക്കുകയും വികാരി അച്ചനും കൈക്കാരന്മാരുമായി സഹകരിച്ച് സി.എൽ.സി പ്രവർത്തകർ നടത്താൻ അനുവദിച്ചു.
8. കല്ലറ പണിയുന്നതിന് സെമിത്തേരിയിലെ സ്ഥലം പരമാവധി വിനിയോഗിച്ച് അടുത്ത പ്രതിനിധിയോഗത്തിൽ expert engineer ടെ സഹായത്തോടെ റിപ്പോർട്ട് & പ്ലാൻ തയ്യാറാക്കി പ്രതിനിധിയോഗം അനുമതിയോടെ പണിയാൻ തീരുമാനിച്ചു.
9. സെമിത്തേരി പള്ളിയോട് ചേർന്ന് മരം നിൽക്കുന്നത് സമീപകല്ലറകൾക്ക് കേടുപാടുകൾ വരുത്തുന്നത് പരിഗണിച്ച് മുറിച്ചുമാറ്റാൻ തീരുമാനിച്ചു. ഇപ്രകാരം അപകടകരമായ വിധത്തിൽ ഉള്ള 5 മരങ്ങൾ മുറിച്ചുമാറ്റുവാൻ തീരുമാനിച്ചു.

**പ്രതിനിധിയോഗം സെക്രട്ടറി**

**അഡ്വ. നെറ്റോ നെല്ലിശ്ശേരി**



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹം നിറഞ്ഞ മാതാപിതാക്കളേ, വിദ്യാർത്ഥികളേ,
ഡിസംബർമാസം ഉണ്ണീശോയുടെ പിറവിതിരുനാളിനായി നമുക്ക് ഒരുങ്ങാം. എല്ലാ ദിവസവും വി.കുർബാനയിൽ സംബന്ധിച്ചും കൊച്ചു കൊച്ചു ത്യാഗപ്രവർത്തികൾ ചെയ്തും ഉണ്ണീശോയ്ക്ക് കാഴ്ചവെയ്ക്കാം.
നവംബർ 3-ാം തീയതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 5.00മണിക്ക് ഇടവക വിശ്വാസ പരിശീലനദിനത്തിന്റെ പൊതുസമ്മേളനം മേരിമാതാ മേജർ സെമിനാരി റെക്ടർ റവ. ഫാ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ ഉദ്ഘാടനം ചെയ്തു. അദ്ധ്യക്ഷപദം അലങ്കരിച്ച റവ. ഫാ. വർഗ്ഗീസ് എടക്കളത്തൂർ പ്രഭാഷണം നടത്തി. ക്ലാസ്സ്തല പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ എൻഡോവ്മെന്റുകൾ, സമ്മാനങ്ങൾ നൽകി ആദരിച്ചു. ബൈബിൾ പുതിയ നിയമം എഴുതി പൂർത്തിയാക്കിയ മേരി രാജു ടീച്ചറെ അനുമോദിച്ചു. വിദ്യാർത്ഥികളുടെ മനോഹരമായ കലാപരിപാടികൾ ഉണ്ടായിരുന്നു.
നവംബർ 10 ഞായറാഴ്ച ശ്രീ. ജിൽസൻ തോമസിന്റെ നേതൃത്വത്തിലുള്ള ടീം അയ്യന്തോൾ വിശ്വാസപരിശീലന യൂണിറ്റ് സന്ദർശിച്ച് അവർ നല്ലൊരു അഭിപ്രായം രേഖപ്പെടുത്തി.
സഹകരിച്ച പി.ടി.എ എക്സിക്യൂട്ടിവ് അംഗങ്ങൾക്ക് നന്ദി.
നവംബർ 24-ാം തിയ്യതി ഞായറാഴ്ച ക്രിസ്തുവിന്റെ രാജത്വതിരുനാൾ വളരെ മനോഹരമായി ആഘോഷിച്ചു. രാജാധിരാജനായ ക്രിസ്തുവിനെ ജയ് വിളിച്ചും, പ്ലക്കാർഡുകൾ പിടിച്ച് മാലാഖമാരുടെ ഇടയിലൂടെയുള്ള ക്രിസ്തുവിന്റെ ഘോഷയാത്ര അതിമനോഹരമായിരുന്നു. പള്ളിയങ്കണത്തിൽവെച്ച് വർഗ്ഗീസച്ചൻ കുട്ടികൾക്ക് സന്ദേശം നൽകി.
01.12.2024 ഞായറാഴ്ച Second Mid Term Exam നടത്തുന്നു.
സമയം 8.00 am - 8.30 am
പഠിക്കേണ്ട പാഠഭാഗങ്ങൾ

- Text Book chapters 8, 9, 10
- Bible Study - Second term
- നമസ്കാരങ്ങൾ

മാതാപിതാക്കൾ വിദ്യാർത്ഥികളെ Mid Term പരീക്ഷയ്ക്ക് പഠിപ്പിച്ച് നന്നായി ഒരുക്കിവിടണമെന്ന് ഓർമ്മിപ്പിക്കുന്നു.
ഡിസംബർ 23 തിങ്കളാഴ്ച 4.00 pm - 6.00 pm എൽ.പി. സെക്ഷനിലെ കുട്ടി

കൾക്കായി കാർഡ് മത്സരം, കരോൾഗാനം U.P, H.S വിദ്യാർത്ഥികൾക്ക് കരോൾ ഗാനം, ട്രീമത്സരങ്ങൾ X'mas ആഘോഷത്തിന്റെ ഭാഗമായി നടത്തുന്നു. മത്സരത്തിൽ എല്ലാ വിദ്യാർത്ഥികളും സ്നേഹപൂർവ്വം പങ്കെടുക്കുമല്ലോ.

ഒരിക്കൽകൂടി ഈശോയുടെ പിറവിതിരുനാളിന്റെ പ്രാർത്ഥനാശംസകൾ നേർന്നു കൊണ്ട്,

സ്നേഹപൂർവ്വം,

Dr. ജോയ് കരേരക്കാട്ടിൽ (പ്രിൻസിപ്പാൾ)

---

# സുബാറ

**ഗ്രെയ്സി ജോണി**
**സെന്റ് തോമാസ് യൂണിറ്റ്.**

നമ്മളിപ്പോൾ മംഗള വാർത്തക്കാലത്തിലൂടെയാണ് കടന്നു പോകുന്നത് സുറിയാനിയിൽ മംഗളവാർത്തയെ സൂചിപ്പിക്കുന്ന പദമാണ് സുബാറ പ്രഖ്യാപനം അറിയിപ്പ് എന്നൊക്കെയാണ് ഈ പദത്തിനർത്ഥം. സീറോ മലബാർ കത്തോലിക്കാസഭയുടെ പഞ്ചാംഗമനുസരിച്ച് ആരാധന ക്രമ വർഷത്തിൽ ഒമ്പത് കാലങ്ങൾ ഉണ്ട്. അവ മംഗളവാർത്തക്കാലം, പിറവിക്കാലം, ദനഹാക്കാലം, നോമ്പുകാലം, ഉയിർപ്പുകാലം, ശ്ലീഹാക്കാലം, കൈത്താക്കാലം, ഏലിയ - സ്ലീവാ - മൂശാക്കാലം, പള്ളിക്കുദാശക്കാലം എന്നിവയാണ്. ഇവയിൽ ആദ്യത്തേതായ മംഗളവാർത്തക്കാലം ക്രിസ്തുമസിനുമുമ്പുള്ള നാല് ആഴ്ചക്കാലമാണ്. നവംബർ 27നും ഡിസംബർ 3 നും ഇടയിലുള്ള ഞായറാഴ്ച ആരംഭിച്ച് ഡിസംബർ 24ന് അവസാനിക്കുന്ന കാലയളവാണ്. മംഗളവാർത്തക്കാലമായി കണക്കാക്കുന്നത്.

ക്രിസ്തുവിന്റെ ജനനത്തെപ്പറ്റിയുള്ള അറിയിപ്പാണ് മംഗളവാർത്ത ഗബ്രിയേൽ ദൈവദൂതൻ പരിശുദ്ധ മറിയത്തോട് പറയുന്ന ദൈവകൃപ നിറഞ്ഞവളേ സ്വസ്തി. കർത്താവ് നിന്നോടുകൂടെ.. എന്നു തുടങ്ങുന്ന അറിയിപ്പാണിത്. ഇത് വ്യക്തമായി പ്രതിപാദിക്കുന്നത് ലൂക്കായുടെ സുവിശേഷം 1-ാം അധ്യായം 26 മുതൽ 38-ാം വാക്യം വരെ യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിപ്പ് എന്ന ഭാഗത്താണ്. ഇതിന്റെ സമാനചിന്ത ഉൽപത്തി 16:11 ൽ വായിക്കാനാവും. നീ ഗർഭിണിയാണല്ലോ. നീ ഒരു ആൺകുട്ടിയെ പ്രസവിക്കും. ഇത് ഇസ്മായേലിന്റെ ജനനത്തിനുമുമ്പ് ദൂതൻ ഹാഗാറിനെ അറിയിക്കുന്നതാണ്. ഇനി ഏശയ്യാ 9: 6 ൽ പറയുന്നത് നോക്കാം. എന്തെന്നാൽ നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെ

ട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായരിക്കും. വിസ്മനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും. ഇങ്ങനെയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

എല്ലാ ജനതകളും ജനപദങ്ങളും, ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപ്ത്യവും, മഹത്വവും, രാജത്വവും അവനു നൽകി. അത് ഒരിക്കലും ഇല്ലാതാവുകയില്ല. അവന്റെ രാജത്വം അനശ്വരമാണ്. ദാനിയേലിന്റെ പുസ്തകത്തിൽ 7:14 ൽ കാണുന്ന പ്രധാന പരാമർശമാണിത്. മിക്കാ പ്രവാചകനിലൂടെ നമുക്ക് ലഭിക്കുന്നത് മറ്റൊരു ചിന്തയാണ്. മിക്ക 4:7 മുടന്തരെ എന്റെ അവശേഷിച്ച ജന മാക്കും. ബഹിഷ്കൃതരെ പ്രബല ജനതയാക്കും. അന്നു മുതൽ എന്നേക്കും സീയോൻ മലയിൽ കർത്താവ് അവരുടെയിടയിൽ വാഴും.

സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പും, അദ്ദേഹത്തിനെ സംബന്ധിച്ച കാര്യങ്ങളും മംഗളവാർത്തക്കാലത്ത് തന്നെയാണ് അനുസ്മരിക്കുക.

ദിവ്യബലയിൽ ഈ ആരാധന കാലത്ത് വായിക്കുന്ന തിരുവചനഭാഗങ്ങളെപ്പറ്റി സ്പഷ്ടമാക്കാം. ആദ്യം പ്രബഞ്ച സൃഷ്ടി പിന്നെ ആദിമാതാപിതാക്കളുടെ പാപം, മനുഷ്യവംശത്തിന് ഒരു രക്ഷകനെ നൽകാമെന്ന ദൈവത്തിന്റെ വാഗ്ദാനം, ആ രക്ഷകനുവേണ്ടിയുള്ള യഹൂദ ജന സഞ്ചയത്തിന്റെ കാത്തിരിപ്പ്, രക്ഷാകര ചരിത്രത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രത്യേക പങ്ക് എന്നിവിയാണ്.

മംഗളവാർത്തക്കാലത്ത് ഇരുപത്തിയഞ്ച് നോമ്പ് അനുഷ്ഠിച്ച് ഉണ്ണിയേശുവിനെ സ്വീകരിക്കുവാനായി തയ്യാറെടുക്കുമ്പോൾ ആത്മ പരിശോധനക്കുള്ള കാലഘട്ടമായി നമുക്കിതിനെ ഉപയുക്തമാക്കാം.

# സൂക്ഷിപ്പുകാർ

**നൈന ഷാജു,**
**സെന്റ് ആന്റണീസ് യൂണിറ്റ്**

**ഭംഗിയായി പൂന്തോട്ടം പരിപാലിച്ചിരുന്നു ആ തോട്ടം സൂക്ഷിപ്പുകാരൻ. താൻ വളർത്തിയ ചെടികളെ താലോലിച്ചും അവരോട് കിന്നരിച്ചും അവൻ സന്തോഷിച്ചു.ഒരു ദിവസം തന്റെ പുന്തോട്ടത്തിൽനിന്ന് ഒരുവൻ തന്റെ പൂക്കളെ പറിക്കുന്നത് അവൻ കണ്ടു. അവൻ ഓടിച്ചെന്നു. താൻ ആരാണ്? അവൻ ചോദിച്ചു. അയാൾ മറുപടി പറഞ്ഞു. മറന്നുപോയോ? ഞാൻ തോട്ടത്തിന്റെ ഉടമസ്ഥൻ. സൂക്ഷിപ്പുകാരൻ തിരിച്ചുനടന്നു.**

**നമുക്ക് സ്വന്തമാണെന്നു തോന്നുന്നതിൽ നാം വെറും സൂക്ഷിപ്പുകാരാണ്.**

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി (വനിത) വാർത്തകൾ

സെന്റ് അൽഫോൻസ വനിത കോൺഫെറൻസ് സൊസൈറ്റി, സെന്റ് വിൻസെന്റ് ഡി പോൾ ന്റെ ആഭിമുഖ്യത്തിൽ, മരിച്ചവരെ അനുസ്മരിക്കുന്ന നവംബർ മാസത്തിൽ, ബൊക്കെ നിർമ്മിച്ചു നൽകുകയുണ്ടായി. നിർദ്ധനരായവരെ സഹായിക്കുന്നതിനുള്ള പുവർ ഫണ്ട് കളക്ഷനുവേണ്ടി നടത്തിയ ഈ സംരഭത്തിൽ ഇടവകജനം അകമഴിഞ്ഞു സഹായിച്ചതിനു ഞങ്ങൾ നന്ദി പറയുന്നു.

**എന്ന്, സെക്രട്ടറി, ബിന്നി പോൾ**



Aptitude Test (Catechism) First Mrs. Stella Jaison

# അറിയിപ്പ്

**ഡിസംബർ 1 മുതൽ 23 വരെ**
**രാവിലെ 6.30നും വൈകുനേരം 7 മണിക്കും വി. കുർബാന**
**(ഞായർ ഒഴികെ)**
**ക്രിസ്തുമസിന് ഒരുക്കമായിട്ടുള്ള കുമ്പസാരം**
**ഡിസംബർ 23 ന് വൈകീട്ട് 5 മണി മുതൽ 7.30 വരെ**
**രോഗികൾക്ക് ക്രിസ്തുമസിന് ഒരുക്കമായിട്ടുള്ള വീടുകളിൽ വന്ന് കുമ്പസാരിപ്പിച്ച് കുർബാനക്ക് കൊടുക്കുന്നു.**
**ഡിസംബർ 23 ന് രാവിലെ 8 മണി മുതൽ ക്രിസ്തുമസ് കുർബാന**
**ഡിസംബർ 24 രാത്രി 11.30ന്**
**പുതുവർഷം – കുർബ്ബാന**
**ഡിസംബർ 31ന് രാത്രി 11.30നും ജനുവരി 1 ന് രാവിലെ 6.30നും**

# കുടുംബകൂട്ടായ്മ കേന്ദ്രസമിതി വാർത്തകൾ

## 2024 ഡിസംബർ 24 ന് കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ

## നടത്തുന്ന കരോൾഗാനം, പുൽക്കൂട്, നക്ഷത്ര മത്സരങ്ങളുടെ സമയക്രമങ്ങൾ

### കരോൾഗാന മത്സരങ്ങൾ

1. 2024 ഡിസംബർ 24-ാം തിയ്യതി പാതിരാ കുർബ്ബാനയ്ക്കു ശേഷം നടത്തപ്പെടുന്നു.

**കൺവീനേഴ്സ്: Jorline Joshy Ph: 9544962005, Wilson K. R. Ph: 8111908854**

### പുൽക്കൂട് മത്സരങ്ങൾ

1. 2024 ഡിസംബർ 24-ാം തിയ്യതി വൈകീട്ട് 6.00 മണിക്കു ശേഷം Judges ഓരോ യൂണിറ്റിലും പുൽക്കൂട് ഒരുക്കിയിരിക്കുന്ന വീടുകളിലേയ്ക്ക് മാർക്ക് ഇടുന്നതിന് വരുന്നതായിരിക്കും.

**കൺവീനേഴ്സ്: Ardra Jomon Ph: 9544962639, Adv, Netto Nellissery**

### നക്ഷത്ര മത്സരങ്ങൾ

1. 2023 ഡിസംബർ 24ന് വൈകിട്ട് ഏഴുമണിക്ക് പള്ളിയിൽ നക്ഷത്രങ്ങൾക്ക് മാർക്ക് ഇടുന്നതായിരിക്കും.

**കൺവീനേഴ്സ്: Ardra Jomon Ph: 9544962639, Adv, Netto Nellissery**

എന്ന്

| ജോർലിൻ ജോഷി | Rev. Fr. Varghese Edakkalathur | മേജോ കെ. ജെ. |
|---|---|---|
| സെക്രട്ടറി, കേന്ദ്രസമിതി | വികാരി | കേന്ദ്രസമിതി കൺവീനർ |

# നക്ഷത്രം നിർമ്മാണ മത്സരം

## നിബന്ധനകൾ

1. നക്ഷത്ര നിർമ്മാണം നടത്തേണ്ടത് അതാത് യൂണിറ്റ് അംഗങ്ങൾ ആയിരിക്കണം
2. ഒരു യൂണിറ്റിനെ ഒരു നക്ഷത്രം മാത്രമേ നിർമ്മിക്കേണ്ടതുള്ളൂ
3. ഒരു അടിമുതൽ 5 അടി വരെ വലുപ്പമുള്ള നക്ഷത്രം ആകണം നിർമ്മിക്കേണ്ടത്
4. നക്ഷത്രം നിർമ്മാണം കൈപ്പണികൾ കൊണ്ടായിരിക്കണം.
5. നക്ഷത്രം പള്ളിയിൽ എത്തിക്കുമ്പോൾ അതിൽ ഇടേണ്ട ബൾബുകൾ കൂടി കൊണ്ടുവരേണ്ടതാണ്.
6. സ്വാഭാവികത നിർമ്മാണ മികവ് അവതരണം എന്നിവയ്ക്ക് അനുസൃതമായിട്ടായിരിക്കും മാർക്ക് നൽകുന്നത്.
7. നക്ഷത്രം മത്സരത്തിന്റെ വിധികർത്താക്കൾ ഇടവകയിലെ അംഗങ്ങൾ ആയിരിക്കില്ല.
8. ഡിസംബർ 24ന് വൈകിട്ട് ഏഴുമണിവരെയാണ് നക്ഷത്രം പള്ളിയിൽ എത്തിക്കാൻ അനുവദിക്കപ്പെട്ട സമയം.
9. ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.
10. സമ്മാന തുക

| | |
|---|---|
| ഒന്നാം സമ്മാനം | 2000 |
| രണ്ടാം സമ്മാനം | 1500 |
| മൂന്നാം സമ്മാനം | 1000 |

# കരോൾ ഗാനമത്സരം

## നിബന്ധനകൾ

1. ഓരോ യൂണിറ്റിൽ നിന്നും അഞ്ചു മുതൽ ഏഴ് വരെ അംഗങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.
2. സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന ടീമുകൾ ആയിരിക്കണം പങ്കെടുക്കേണ്ടത്.
3. ഓരോ യൂണിറ്റിനും അനുവദിക്കപ്പെട്ട സമയം മൂന്നു മിനിറ്റ് മുതൽ 5 മിനിറ്റ് വരെ ആയിരിക്കും.
4. സംഗീത ഉപകരണങ്ങൾ അനുവദിക്കുന്നതല്ല പകരം കരോക്കെ ഉപയോഗിക്കാവുന്നതാണ് എന്നാൽ അതിനെ പ്രത്യേകമാർക്ക് ഉണ്ടായിരിക്കുന്നതല്ല പാട്ടിനു മാത്രമായിരിക്കും പ്രാധാന്യം.
5. പാടുന്ന സമയത്ത് ക്രിസ്തുമസ് പാപ്പന്മാർ മറ്റു വേഷവിധാനങ്ങൾ എന്നിവ അനുവദനീയമല്ല.
6. പാടുന്ന സമയത്ത് ധരിക്കുന്ന വസ്ത്രങ്ങളുടെ പ്രത്യേകതകൾക്ക് പ്രത്യേകമാർക്ക് ഉണ്ടായിരിക്കുന്നതല്ല.
7. സമ്മാന തുക

   ഒന്നാം സമ്മാനം 1500

   രണ്ടാം സമ്മാനം 1000

   മൂന്നാം സമ്മാനം 500

# പുൽക്കൂട് മത്സരം

## നിബന്ധനകൾ

1. പുൽക്കൂട് നിർമ്മിക്കേണ്ടത് അതാത് യൂണിറ്റ് അംഗങ്ങൾ ആയിരിക്കണം.
2. ജീവനുള്ളവ കൊണ്ട് (മൃഗങ്ങൾ, മനുഷ്യർ) പുൽക്കൂട് നിർമ്മിക്കുന്നത് അനുവദനീയമല്ല. ജീവനുള്ളവയൊന്നുംതന്നെ പുൽക്കൂട് മത്സരത്തിന്റെ ഭാഗമായി ഉൾപ്പെടുത്താൻ പാടില്ല.
3. ആശയം, അവതരണം എന്നിവയ്ക്ക് അനുസൃതമായിട്ടായിരിക്കും മാർക്ക് നൽകുന്നത്. കൈപ്പണികളല്ലാത്തവ ഏറുന്നതിനനുസരിച്ച് മാർക്ക് കുറയുന്നതായിരിക്കും.
4. പുൽക്കൂട് മത്സരത്തിന്റെ വിധികർത്താക്കൾ ഇടവകയിലെ അംഗങ്ങൾ ആകില്ല.
5. ഡിസംബർ 24 ന് വൈകിട്ട് 6 മണി വരെയാണ് പുൽക്കൂട് നിർമ്മിക്കാൻ അനുവദിക്കപ്പെട്ട സമയം.
6. ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.
7. സമ്മാനതുക.

| | |
|---|---|
| ഒന്നാം സമ്മാനം | 3000 |
| രണ്ടാം സമ്മാനം | 2000 |
| മൂന്നാം സമ്മാനം | 1000 |

മികവുപുലർത്തിയ മൂന്നു യൂണിറ്റുകൾക്ക് പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും.

# Sports Competition (24-11-2024) Result

| | Item | Category | Male/ Female | First | Second | Third |
|---|---|---|---|---|---|---|
| I | 50mtr Race | Category 2 | Female | Norah Nixon<br>Little Flower | Liumerin<br>St.Xavier's | Anugraha V.J.<br>St. Antony's |
| II | Shot put | Category 3 | Female | Amriya Shaji<br>St.Mary's | Saina Joy<br>St.Xavier's | Anaga<br>Holy Trinity |
| | Shot put | Category 4 | Female | Angel Mary<br>St.Antony's | Jency<br>Holy Trinity | Riya<br>Christuraja |
| | Shot put | Category 7 | Female | Biju Jomon<br>St.Xavier | Maggy Simon<br>Little Flower | Glady Roy<br>St.Alphonsa |
| | Shot put | Category 8 | Female | Lilly<br>St.Mary's | Alphonsa Davis<br>St.Xavier's | Cicily Thomas<br>St.John's |
| III | Shot put | Category 3 | Male | Algin<br>St.Antony's | Emin Denny<br>St.Xavier's | Johns<br>Christuraja |
| | Shot put | Category 4 | Male | Ebin Babu<br>St.John's | Godwin<br>St.Mary's | Samuel Johnson<br>Madona |
| | Shot put | Category 5 | Female | Jisy Tony<br>Little Flower | Chinnu Mathew<br>Holy Trinity | Sonu Anto<br>St.Paul's |
| | Shot put | Category 6 | Female | Anju Mary<br>Holy Trinity | Milsa Baiju<br>Little Flower | Jaby Tony<br>St.Joseph's |
| IV | Shot put | Category 5 | Male | Godwin Simon<br>Little Flower | Prince Vincent<br>St.Xavier's | Adhithya E.S.<br>St.John's |
| | Shot put | Category 6 | Male | Jeffen Jacob<br>St.Antony's | Tony Lorappan<br>Little Flower | Asish<br>St.Mary's |
| | Shot put | Category 7 | Male | Joy T.D.<br>St.Xavier's | Delson Davis<br>Little Flower | Davis K.P.<br>St.Antony's |
| | Shot put | Category 8 | Male | James Jacob<br>St.Alphonsa | Chacko Pulikkan<br>Little Flower | Johnson Pudukadan<br>Madona |
| V | Disc | Category 3 | Male | Edwin Jeejo<br>Little Flower | Emin Denny<br>St.Xavier's | Chrisyan Jithu<br>St.Antony's |
| | Disc | Category 4 | Male | Bardin Pauly<br>St.Joseph's | Godwin<br>Little Flower | Abin Babu<br>St.John's |
| | Disc | Category 4 | Female | Christa Bella<br>St.Mary's | Riyan Joshy<br>St.Xavier's | Jency<br>Holy Trinity |
| | Disc | Category 5 | Male | Cinto Jose<br>St.Peter's | Godwin Simon<br>Little Flower | Prince Vincent<br>St.Xavier's |
| | Disc | Category 5 | Female | Liyan Joshy<br>St.Xavier's | Jisy Tony<br>Little Flower | Shibi Roffin<br>Madona |
| | Disc | Category 6 | Male | Asish<br>St.Mary's | Nixon Davis<br>Little Flower | Jeffen Vadakkan<br>St.Antony's |
| | Disc | Category 7 | Male | Jojo<br>Holy Trinity | Joy T.D.<br>St.Xavier's | Sunil K.L.<br>St.Paul's |
| | Disc | Category 7 | Female | Nisha Nixon<br>Madona | Biju Jomon<br>St.Xavier's | Jorline Joshy<br>St.Antony's |
| VI | Spoon & Lemon | Category 8 | Male | Sunny Thekkath<br>St.Joseph's | Johnson Pudukadan<br>Madona | Nil |
| | Spoon & Lemon | Category 8 | Female | Cicily Thomas<br>St.John's | Gracy Johny<br>St.Thomas | Pauly Paul<br>St.Joseph |
| VII | Long Jump | Category 2 | Male | Emmanual Sunil<br>St.Paul's | Joseph Joy<br>St.Joseph | Aultrin Joshy<br>Little Flower |
| | Long Jump | Category 2 | Female | Everin<br>St.Thomas | Anugraha V.J.<br>St.Antony's | Annlin Asish<br>St.Mary's |
| | Long Jump | Category 3 | Female | Sneha Joy<br>St.Xavier's | Anugraha<br>St.Mary's | Ananya<br>Holy Trinity |

**Congratulations to All Winners.....**



## 8 -ാം ചരമവാർഷികം

17.12.2024



ഒലക്കേങ്കിൽ

ഫ്രാൻസീസ് ഭാര്യ

# റോസിലി

ജനനം : 08.06.1931

മരണം : 17.12.2016

---

## 23-ാം ചരമവാർഷികം





ഒലക്കേങ്കിൽ

ചാക്കോ

# ഫ്രാൻസീസ്

ജനനം : 16.04.1927

മരണം : 31.01.2001

സെന്റ് ജോസഫ് കുടുംബകൂട്ടായ്മ

# 4-ാം ചരമവാർഷികം

## 20.12.2024



## കല്ലുവിട്ടിൽ ലാസർ മകൻ ജോണി

ജനനം : 22-04-1944

മരണം : 20-12-2020

സ്നേഹസ്മരണകളോടെ

ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

ലിറ്റിൽ ഫ്ലവർ കുടുംബകൂട്ടായ്മ

# 40-ാം ചരമദിനം

28-11-2024





പാലത്തിങ്കൽ കൊച്ചപ്പൻ ഭാര്യ

## റോസി

ജനനം : 07-08-1933 മരണം : 20-10-2024

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ

പ്രാർത്ഥനാപൂർവ്വം

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

ലിറ്റിൽ ഫ്ളവർ യൂണിറ്റ്

# 25-ാം ചരമവാർഷികം

## 21.12.2024



## കെ.വി. ഔസേഫ് (താര)

കൈപറമ്പിൽ ഹൗസ്, അയ്യന്തോൾ

പ്രാർത്ഥനാപൂർവ്വം

കുടുംബാംഗങ്ങൾ

സെന്റ് ആന്റണീസ് കുടുംബക്കൂട്ടായ്മ

# 15th Year of Demise



# N.M. JOSE

Thekkanath Nallangara House

S/o N.R. Michael

Wife : Agnes Jose : Ph : 9349822683

(Holy Trinity Unit, Little Road)

Son : Jaison Nellangara

Daughter : Jency Bijoy

Son in Law : Bijoy Chemmanur

Grand Daughters : Catherin & Christa

Holy Trinity Kudumba Kootaimma



# One Year of Passing

**2 December 2024**

**Sr. Marina Madakkai**
**Thykattil Madakkai House**

| | |
|---|---|
| Born | : 1939 June 9 |
| First Profession | : 1961 January 5 |
| Final Profession | : 1967 January 5 |
| Heavenly Birth | : 2023 December 2 |

*Missing your loving guidance and prayerful presence.*

*-Grieving Family.*

St. Mary's Unit, Ayyanthole

# 44-ാം ചരമദിനം

14-12-2024





# മേരി കുരിയപ്പൻ

W/o. വെള്ളേപറമ്പിൽ കുരിയപ്പൻ (late)

ജനനം : 19-07-1930 മരണം : 01-11-2024

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ

പ്രാർത്ഥനാപൂർവ്വം

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

സെന്റ് സേവിയേഴ്സ് യൂണിറ്റ്

# PLOTS FOR SALE

തൃശ്ശൂരിൽ നിന്ന് 5 കി.മി 10 കി.മി ചുറ്റളവ്

Thrissur
Arimbur
Kottekkad
Athani
Kuttur
Mundur
Ollur

STARTING PRICE
4 ലക്ഷം മുതൽ



- PRICE IS NEGOTIABLE
- ALL FACILITIES ARE AVAILABLE

For Booking

**8714 784 105, 6238 431 105**



# കുടുംബകൂട്ടായ്മ വാർത്തകൾ

## സെന്റ് സേവിയേർസ് കുടുംബകൂട്ടായ്മ

സെന്റ് സേവിയേർസ് കുടുംബകൂട്ടായ്മയുടെ ഒക്ടോബർ മാസത്തെ യോഗം 20.10.2024 ഞായറാഴ്ച വൈകീട്ട് 5 മണിക്ക് ശ്രീ. മനോജ് പോൾ ചിറയത്ത് കോനിക്കരയുടെ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു. കുടുംബനാഥൻ തിരി തെളിയിച്ച് യോഗത്തിന് സ്വാഗതം ആശംസിച്ചു. യൂണിറ്റംഗങ്ങൾ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. യൂണിറ്റംഗം വി. ലൂക്കായുടെ സുവിശേഷം 21:20-28 വരെയുള്ള വാക്യങ്ങൾ വായിച്ചു. പ്രസിഡന്റ് ശ്രീ. ജോസഫ് രാജു അക്കര യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു ബഹു വികാരിയച്ചൻ യോഗത്തിൽ സന്നിഹിതനായിരുന്നു. ശ്രീ. പ്രിൻസ് വിൻസെന്റ് കേന്ദ്രസമിതി പ്രതിനിധിയോഗ ചർച്ചകൾ പങ്കുവെച്ചു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു.

ബഹു. വികാരിയച്ചൻ പള്ളിപുനരുദ്ധാരണ ചർച്ചയിലേക്ക് കൊണ്ടുവരികയും കമ്മിറ്റി അംഗങ്ങൾക്ക് മാത്രമല്ല എല്ലാവർക്കും അഭിപ്രായങ്ങളും ആശയങ്ങളും പങ്കുവെക്കാമെന്നും എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ നേരിട്ട് ചോദിക്കാമെന്നും പറഞ്ഞു.

തൃശൂർ അതിരൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ 'ചാന്ത മിഷൻ" സന്ദർശനം നടത്തുകയുണ്ടായി. അതിൽ നമ്മുടെ ഇടവകയിൽനിന്നും ശ്രീമതി മേരി രാജു അക്കര പങ്കെടുത്തിരുന്നു. അവർ സന്ദർശിച്ച സ്ഥലങ്ങളിലെ ആ സമൂഹത്തിന്റെ കഷ്ടപ്പാടുകളും സഹനങ്ങളും ദയനീയമായ അവരുടെ അവസ്ഥകളും അവരോടൊപ്പം ചിലവഴിച്ച ആ നിമിഷങ്ങളും മേരിടീച്ചർ വളരെ വികാരനിർഭരമായി പങ്കുവെച്ചു.

നമ്മുടെ യൂണിറ്റിന്റെ വാർഷികം ഡിസംബർ 8ന് നടത്താൻ തീരുമാനിച്ചു. 36 കുടുംബങ്ങളിൽനിന്ന് 15 അംഗങ്ങൾ പങ്കെടുത്തു. നന്ദിപ്രകാശനത്തോടെ യോഗം 6 മണിക്ക് സമാപിച്ചു.

**സെക്രട്ടറി, ഷീബ റാഫേൽ**

## സെന്റ് പോൾസ് കുടുംബകൂട്ടായ്മ

### 2023- 2024 വാർഷിക റിപ്പോർട്ട്

സെന്റ് പോൾസ് യൂണിറ്റിന്റെ 32-ാം വാർഷികവും പൗലോശ്ലീഹായുടെ തിരുനാളും സംയുക്തമായി 20-10-2024 ഞായറാഴ്ച രാവിലെ 6.30ന് കൂട്ടായ്മ അംഗങ്ങൾ കാഴ്ച സമർപ്പണത്തോടുകൂടി വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് ആഘോഷ



ത്തിന് തുടക്കം കുറിച്ചു. 20-10-24 സെന്റ് മേരീസ് പാരീഷ് ഹാളിൽ വൈകീട്ട് 6 മണിക്ക് ചേർന്ന വാർഷിക പൊതുയോഗം പ്രാർത്ഥനയോടെ ആരംഭിച്ചു. പ്രസിഡന്റ് ശ്രീ ബൈജു ജോസഫ് എത്തിച്ചേർന്ന വിശിഷ്ഠ അതിഥികൾക്കും കൂട്ടായ്മ അംഗങ്ങൾക്കും സ്വാഗതം നേർന്നു. സെക്രട്ടറി ശ്രീ ആന്റു ചിറമ്മൽ വാർഷിക റിപ്പോർട്ടും ശ്രീ. ടോണി പോൾ വാർഷിക കണക്കും അവതരിപ്പിച്ചു. യോഗംപാസാക്കി കുടുംബകൂട്ടായ്മ കേന്ദ്ര സമിതി കൺവീനർ ശ്രീ.. മെജോ കെ.ജെ. യുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട വികാരി വർഗ്ഗീസ് എടക്കളത്തൂർ ഉദ്ഘാടനം നിർവഹിച്ചു. പ്രതിനിധി യോഗ സെക്രട്ടറി അഡ്വ. നെറ്റോ നെല്ലിശ്ശേരി. നിർമ്മല സ്കൂൾ HM സിസ്റ്റർ ഹിത, നിർമ്മല കോൺവെന്റ് മദർ സുപ്പീരിയർ സി. അനിത അഗസ്റ്റിൻ. നടത്തു കൈക്കാരൻ ജിന്റോ കോടെകണ്ടത്ത് എന്നിവർ കൂട്ടായ്മ അംഗങ്ങൾക്ക് പ്രാർത്ഥന ആശംസകൾ നേർന്നു. വിശുദ്ധ പൗലോസ്ലീഹായുടെ വിശ്വാസ ജീവിതത്തെകുറിച്ചുള്ള സന്ദേശങ്ങൾ വിശിഷ്ഠ അതിഥികൾ കൂട്ടായ്മ അംഗങ്ങളുമായി പങ്കുവെച്ചു. കൂട്ടായ്മയിൽ പഠനത്തിന് ഉന്നതവിജയം നേടിയ കുട്ടികൾക്കും കലാ, കായികം, ലോഗോസ് എന്നിവയിൽ വിജയിച്ചവർക്ക് സമ്മാനദാനം നൽകി. കൂട്ടായ്മ അംഗങ്ങളുടെ കലാപരിപാടികളും വാർഷിക ആഘോഷത്തിന്റെ മാറ്റ് കൂട്ടി. ശേഷം ട്രഷറർ ടോണി പോളിന്റെ നന്ദി പ്രകാശനത്തോടും സ്നേഹവിരുന്നിനും ശേഷം യോഗം സമാപിച്ചു.,

**സെക്രട്ടറി, ആന്റു ചിറമ്മൽ**

## ഞങ്ങൾ വരവായി

| രജി. നമ്പർ | ജനനം | മാമ്മോദീസ | |
|---|---|---|---|
| 16/2024 | 17/02/2024 | 31/08/2024 | ചാലക്കൽ ആനന്ദ് ജോസ് മോഹൻ & ശില്പ മരിയ മകൻ സെബാസ്റ്റ്യൻ (നീൽ ആനന്ദ്) |
| 17/2024 | 27/07/2024 | 21/09/2024 | തച്ചുപറമ്പിൽ ദീപക് പോൾ & ഹൃദ്യ ആന്റോ മകൾ മേരി (അമേയ ദീപക്) |
| 18/2024 | 25/06/2024 | 25/09/2024 | ചെറുവത്തൂർ ടോണി & ജിസി മകൾ റോസ (എയ്ഞ്ചൽ മേരി) |
| 19/2024 | 09/08/2024 | 03/11/2024 | കിടങ്ങത്തുപറമ്പിൽ അനിൽമാത്യു & ജിഷ മകൾ മേരി (ആൻലിയ അനിൽ) |
| 20/2024 | 17/09/2024 | 09/11/2024 | എലുവത്തിങ്കൽ ഷിജോ ജോർജ് & ഫെമി മകൾ ഏലിയാമ്മ (എൽഗ ഷിജോ) |
| 21/2024 | 30/06/2024 | 16/11/2024 | പെല്ലിശ്ശേരി ജീജോ ജോയ് & ആൻ മേരി ടോണി മകൻ ഇമ്മാനുവൽ (ഹോപ്പ് മാനുവൽ) |

## ഞങ്ങൾ ഒന്നായി

| വിവാഹതിയ്യതി | പേര് |
|---|---|
| 01/09/2024 | അയ്യന്തോൾ ഇടവക കൈതക്കതൊടിയിൽ ലൂക്കോസ് & ഐസി മകൻ ജസ്റ്റിൻ<br>എറണാകുളം - അങ്കമാലി അതിരൂപത കൈപ്പട്ടൂർ ഇടവക, മരോട്ടിക്കുടി സ്റ്റീഫൻ & ഏലിയാമ്മ മകൾ സ്റ്റെഫി |
| 11/09/2024 | അയ്യന്തോൾ ഇടവക ചിറ്റിലപ്പിള്ളി ബേബി & മരിയ മകൾ ദയമോൾ<br>അരിമ്പൂര് ഇടവക പല്ലിശ്ശേരി വർഗീസ് & ബീന മകൻ വിവിൻ വർഗീസ് |
| 16/09/2024 | അയ്യന്തോൾ ഇടവക, അക്കരപട്ട്യേക്കൽ ജോൺസൻ & ബീന മകൾ നവീന ജോൺസൻ<br>ഒല്ലൂക്കര ഇടവക താണിക്കൽ ജോസ് & ലത മകൻ എഡ് വിൻ ജോസ് |
| 12/10/2024 | അയ്യന്തോൾ ഇടവക മേക്കാട്ടുകുളം ജോർജ് & ടെസ്സി മകൾ മിൽന ജോർജ്<br>തൃശൂർ ലൂർദ് മെട്രോപോലിറ്റൻ ഇടവക, മാളിയേക്കൽ നമ്പാടൻ ആന്റണി & ബെർനഡിറ്റ് മകൻ ജെസ് വിൻ ആന്റണി |

26/10/2024 അയ്യന്തോൾ ഇടവക, കാഞ്ഞിരപറമ്പിൽ ജോസ് ഡേവിസ് & നീത മകൾ അപർണ ജോസ്

എറണാകുളം - അങ്കമാലി അതിരൂപത മേലൂർ ഇടവക നെറ്റിക്കാടൻ ജോയ് & മോളി മകൻ ആൽവിൻ

27/10/2024 അയ്യന്തോൾ ഇടവക, മാമ്പറമ്പിൽ ആന്റോ & മാഗി മകൻ സാംജോ എം. ആന്റോ

കൊല്ലം രൂപത, തോപ്പ് ഇടവക സ്റ്റീഫൻ & ഫ്ളോറി മകൾ നാൻസി സ്റ്റീഫൻ

06/11/2024 അയ്യന്തോൾ ഇടവക, ആട്ടോക്കാരൻ പോൾ ലാസർ & ബേബി പോൾ മകൻ ബിജു പോൾ

ചങ്ങനാശ്ശേരി അതിരൂപത, കുടമാളൂർ ഇടവക, കളപ്പുരയിൽ ജോയ് കുരുവിള & മേരിക്കുട്ടി മകൾ ജിൻസിമോൾ ജോ

## ഞങ്ങൾ യാത്രയായി

**മരണം**

| | | |
|---|---|---|
| 15/2024 | 01-09-24 | ഒളരിക്കര ഇടവക, ചുങ്കത്ത് അബ്രാഹം മകൻ ജോബായ് (72) മഡോണ യൂണിറ്റ് |
| 16/2024 | 26-09-24 | തെക്കിനിയത്ത് പൗലോസ് മകൻ ജീജോ (51) ക്രിസ്തുരാജ യൂണിറ്റ് |
| 17/2024 | 20-10-24 | പാലത്തിങ്കൽ കൊച്ചപ്പൻ ഭാര്യ റോസി (93) ലിറ്റിൽ ഫ്ളവർ യൂണിറ്റ് |
| 18/2024 | 01-11-24 | വെള്ളേപറമ്പിൽ കുരിയപ്പൻ ഭാര്യ മേരി (84) സെന്റ് സേവിയേഴ്സ് യൂണിറ്റ് |
| 19/2024 | 06-11-24 | മുളവരിക്കൽ പീറ്റർ ജോസഫ് ഭാര്യ പ്രേമ (77) ഹോളി ഫാമിലി യൂണിറ്റ് |
| 20/2024 | 09-11-24 | ആളൂര് കൊക്കൻ പൊറിഞ്ചു മകൻ ജോസ് (89) സെന്റ് പോൾസ് യൂണിറ്റ് |
| 21/2024 | 16/11/24 | ആളൂക്കാരൻ മാടത്തറക്കാരൻ തോമസ് (72)സെന്റ് ആന്റണീസ് യൂണിറ്റ് |

## ഇടവകയിൽനിന്നും മാറിപോയവർ

13/202402/10/2024 മേക്കര ലൂക്ക ഭാര്യ ഐസി (സെന്റ് തോമസ് യൂണിറ്റ് - പുല്ലഴി ഇടവകയിലേക്ക്)

| | | |
|---|---|---|
| 14/2024 | 02/10/2024 | അറക്കൽ മാറോക്കി ജോൺ ഭാര്യ ലില്ലി (സെന്റ് ജോൺസ് യൂണിറ്റ്) - വല്ലച്ചിറ ഇടവകയിലേക്ക് |
| 15/2024 | 06/10/2024 | തട്ടിൽ മണ്ടി ആന്റണി ജെറോം (ക്രിസ്തുരാജ യൂണിറ്റ്) - അരിമ്പൂർ ഇടവകയിലേക്ക് |

## ഇടവകയിലേക്ക് വന്നവർ

| | |
|---|---|
| 28/09/2024 | ചുങ്കത്ത് ജോൺ ഭാര്യ ഓമന (മഡോണ യൂണിറ്റ്) |
| 28/09/2024 | കുണ്ടുകുളം പാറയ്ക്ക ഡേവിസ് ഡാറ്റ (സെന്റ് പോൾസ് യൂണിറ്റ്) |
| 10/10/2024 | ചിറയത്ത് പൗലോസ് മകൻ ദേവസി (സെന്റ് ആന്റണീസ് യൂണിറ്റ്) |



ജൂനിയർ സി എൽ സി യുടെ ആഭിമുഖ്യത്തിൽ നടത്തിയ ഓൺലൈൻ സ്പീച്ച് കോമ്പറ്റീഷനിൽ സമ്മാനാർഹനായ എവിൻ തറയലിനെ അനുമോദിക്കുന്നു.





ഫൊറോന തല കലാ മത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹനായ എവിൻ തറയിലിനെയും മൂന്നാം സമ്മാനത്തിന് അർഹനായ ജോസഫിനെയും അനുമോദിക്കുന്നു



ബസിലിക്ക ഫൊറോന മാതൃവേദിയുടെ പുതിയ ഫൊറോന ഭാരവാഹികൾ........
ആശംസകളും പ്രാർത്ഥനകളും

# നന്ദി ചോരുന്ന ഹൃദയം

– ഡെയ്സി അന്തപ്പൻ
സെന്റ് മേരീസ് യൂണിറ്റ്

കുറെനാൾ പ്രാർത്ഥിച്ചതിന്റെ ഫലമായി സ്വന്തമായി ഭവനം ലഭിച്ചപ്പോൾ നിത്യാരാധന ചാപ്പലിൽ ഞാൻ കടന്നുചെന്നു. ദിവ്യകാരുണ്യനാഥന്റെ തിരുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ച് കൈകൾ കൂപ്പി സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് നന്ദിയും സ്തുതിയും ആരാധനയും സമർപ്പിച്ചു. ആ നന്ദി സമർപ്പണത്തിന്റെ ആഴവും ശക്തിയും സാന്ദ്രതയും അതുല്യമായിരുന്നു. കർത്താവിന് സമർപ്പിക്കുന്ന നന്ദിയുടെ സാന്ദ്രത കുറയുന്നത് എന്തുകൊണ്ടാണ്? വെള്ളം ചേർക്കുമ്പോൾ സാന്ദ്രതകുറയുന്നു എന്നതുമാത്രമല്ല സംഭവിക്കുന്നത്. പാലിന്റെ രുചി കുറയുന്നു. കർത്താവിനോടുള്ള സ്നേഹത്തിലും നന്ദിയിലും വെള്ളം ചേർക്കുമ്പോൾ സാന്ദ്രത കുറയുന്നു. ലോകവും അതിന്റെ ദുർമോഹങ്ങളും മനസ്സിൽ നിറയുമ്പോൾ ആ ദുർമോഹങ്ങളെ മനസ്സിലിട്ടു ഓമനിക്കുമ്പോൾ കർത്താവിനോടുള്ള സ്നേഹത്തിലും നന്ദിയിലും വെള്ളം കലർത്തുകയാണ് ചെയ്യുന്നത്. അപ്പോൾ സ്നേഹത്തിന്റെയും നന്ദിയുടെയും സാന്ദ്രത കുറയുന്നു.

വീടും രോഗസൗഖ്യവും നൽകി അനുഗ്രഹിച്ച കർത്താവിനു ആദ്യമണിക്കൂറിൽ സമർപ്പിച്ച തീവ്രതമുറ്റിയ നന്ദിയും സ്നേഹവും തുടർന്നുവന്ന ദിവസങ്ങളിൽ പൂർണതയോടെ എന്റെ ഹൃദയത്തിൽനിന്നു ഒഴുകിവന്നില്ല ദിവസങ്ങൾ അനേകം കടന്നുപോകുന്നതിനുമുമ്പേ തന്നെ ആ കുറവ് തിരിച്ചറിയാൻ കർത്താവ് കൃപ നൽകി. ശോഷിച്ചുപോയ നന്ദിസമർപ്പണത്തെപ്രതി കർത്താവിനോടു മാപ്പു പറഞ്ഞു. അനുഗ്രഹം കിട്ടി ദിവസങ്ങൾ കഴിഞ്ഞപ്പോഴേക്കും അനുഗ്രഹത്തിന്റെ മൂല്യം വിസ്മരിച്ചുപോകുകയും നന്ദിയുടെ സാന്ദ്രത കുറയുകയും ചെയ്ത ദുഃഖകരമായ അനുഭവം പത്ത് കുഷ്ഠരോഗികളെ കർത്താവ് അനുഗ്രഹിച്ച് സുഖപ്പെടുത്തിയപ്പോൾ ഒരാൾ മാത്രമാണ് നന്ദിപറയാൻ തിരിച്ചുവന്നത്. ബാക്കി ഒമ്പതുപേരെവിടെയെന്ന കർത്താവിന്റെ ചോദ്യം കേൾക്കാത്തവരായി ആരുണ്ട്? കർത്താവിന്റെ തിരുമുൻപിൽ നന്ദികെട്ടവരായി മാറാൻ ഇടവരാതിരിക്കട്ടെയെന്ന് ഉള്ളുരുകി പ്രാർത്ഥിക്കാം ഞാനെന്റെ ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളിലേക്കും തിരിഞ്ഞു നോക്കി എത്രേയേറെ അനുഗ്രഹങ്ങളാണ് കർത്താവ് വർഷിച്ചത്. ഈശോയുടെ അനുഗ്രഹങ്ങളുടെ തണലിൽ തന്നെയാണ് ഞാനും ഓരോ കുടുംബവും ഇപ്പോഴും ജീവിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കർത്താവ് വർഷിച്ച അനുഗ്രഹങ്ങളുടെ ഫലങ്ങൾ ആദ്യത്തെപ്പോലെത്തന്നെ ഇപ്പോഴും അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അനുഗ്രഹങ്ങളിലൂടെ സമ്മാനിച്ച സമൃദ്ധി കുറഞ്ഞുപോയിട്ടില്ല. പക്ഷേ, കർത്താവിനു സമർപ്പിക്കുന്ന നന്ദിയുടെ അള

വിൽ കുറവുവന്നു. ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്ന നന്ദിയും കൃതജ്ഞതയും കുറഞ്ഞുപോകാൻ ഒരു കാരണം മാത്രമേ കണ്ടെത്താൻ കഴിയൂ. അത് ബൈബിളിലൂടെ കർത്താവ് ചൂണ്ടിക്കാട്ടി തന്നു. "നിനക്കെതിരെ എനിക്കൊന്ന് പറയാനുണ്ട്. നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിൽ ഏതവസ്ഥയിൽ നിന്നാണ് അധഃപതിച്ചതെന്ന് ചിന്തിക്കുക (വെളി 2:4). കർത്താവിന് സമർപ്പിക്കുന്ന നന്ദിയും സ്നേഹവും മറന്ന് ലോകത്തിന്റെ വഴികളിലേയ്ക്ക് ഞാൻ മടങ്ങിപോയപ്പോൾ മനസ്സിൽ കർത്താവിനോടുള്ള സ്നേഹം ചോർന്നുപോയി. കർത്താവ് കരുണ കാണിക്കുകയും കൃപവർഷിക്കുകയും ചെയ്തുകൊണ്ട് എന്റെ ഹൃദയഭാവം തിരുത്താൻ നമ്മുക്ക് അവസരം ലഭിച്ചു. കർത്താവിനെപ്രതി ഹൃദയത്തിൽ ജ്വലിച്ചുനിന്ന സ്നേഹത്തിന്റെയും നന്ദിയുടെയും ശക്തി വീണ്ടെടുക്കാൻ അവിടുത്തെ സന്നിധിയിൽത്തന്നെ ഞാൻ ആശ്രയിച്ചു. അവിടുന്നെന്നെ അനുഗ്രഹിച്ചു. കർത്താവിന് നന്ദിയും സ്തുതിയും ആരാധനയും എന്നും എപ്പോഴും ഉണ്ടായിരിക്കട്ടെ.
ആമ്മേൻ.

# ഈശോക്കൊപ്പം

**ഏദ്‌ന ഗ്രേയ്സ് ഫ്രെൻജോ**

**പെറ്റമ്മ മറന്നാലും**
**ഞാൻ നിന്നെ മറക്കില്ലെന്നു**
**ചൊല്ലിയ ദൈവത്തോടു**
**നന്ദി ചൊല്ലൂ മകനേ...**
**തടസ്സങ്ങളും പ്രയാസങ്ങളും**
**നാൾക്കുനാൾ ഏറിയപ്പോൾ**
**എന്റെ വിശ്വാസം നിലച്ചു...**
**ഞാൻ, കൈവിട്ടുപോയെന്റെ ഈശോയേ**
**ഒറ്റയ്ക്കിരിക്കും നേരത്തു നീയൊരു**
**തണൽമരമായി വന്നുവെൻ അരികിൽ**
**കുമ്പസാരത്തിലൂടെയും കുർബാനയിലൂടെയും**
**ഞാൻ നടന്നു.. വീണ്ടുമെന്റെ ഈശോക്കൊപ്പം**



# എന്റെ ക്രിസ്തുമസ് ഓർമ്മകൾ

സ്റ്റാർലിൻ വർഗ്ഗീസ്
ഹോളി ട്രിനിറ്റി യൂണിറ്റ്

ഒഴിവ് ദിവസം ജനൽ തുറന്നിട്ട് വെറുതെ പുറത്തേക്ക് നോക്കിയിരിക്കാൻ ഇഷ്ടമാണ്.. രാവിലെ ആകുമ്പോൾ നല്ല കാറ്റും ഉണ്ടാകും.. കഴിഞ്ഞ ദിവസം അങ്ങനെ ഇരിക്കുമ്പോൾ ജനലിനപ്പുറത്തു ഒഴിഞ്ഞു കിടക്കുന്ന പറമ്പിൽ നിറയെ കാറ്റത്തു ആടിക്കളിക്കുന്ന ചൊറിയാൻ പുഴു പോലെ പൂക്കുലയുള്ള ഉയരം കൂടിയ ചെടികൾ... അവർ കാറ്റത്തു കളിച്ചുല്ലസിക്കുകയാണ്... പെട്ടെന്ന് പഴയ ക്രിസ്തുമസ് കാലം ഓർമയിൽ വന്നു.. അന്നൊക്കെ ഫെജി എന്നൊന്നും കേട്ടിട്ടും കൂടിയില്ലാത്ത കാലം.. ഈ പറഞ്ഞ പുല്ലുപോലത്തെ ചെടി കൊണ്ടാണ് പുൽക്കൂട് ഉണ്ടാക്കുക...അത് പള്ളിയിൽ ആയാലും വീട്ടിൽ ആയാലും....
ഇന്ന് ഡിസംബർ മാസം ആയാൽ കടകൾ തമ്മിൽ മത്സരം ആണ്.. പുതിയ items കൊണ്ടുവരുന്നതിന് പുത്തൻ പള്ളി ഭാഗത്തു കൂടി രാത്രിയിൽ പോയാൽ ക്രിസ്തുമസ് അവിടെയാണോ എന്ന് തോന്നും.. പുതിയ തരം നക്ഷത്രങ്ങൾ, ലൈറ്റ്കൾ, പുൽകൂടുകൾ, ക്രിസ്തുമസ് ട്രീകൾ... കണ്ണിനു ഇമ്പം തരുന്ന കാഴ്ചകൾ.. ഈയുള്ളവളും ഇതൊക്ക ആസ്വദിക്കാൻ പോകാറുണ്ട് എന്നത് വാസ്തവം..

എന്നാൽ പണ്ടൊക്കെ കൈകൊണ്ടു ഉണ്ടാക്കുന്ന നക്ഷത്രം, പുൽക്കൂട് പറമ്പിൽ നിന്നും വെട്ടി കൊണ്ട് വെക്കുന്ന ട്രീ.. ഒക്കെ വേറിട്ട അനുഭവം ആയിരുന്നു.. നമ്മുടെ മക്കൾക്കൊക്കെ ന ഷ്ടപ്പെടുന്ന അനുഭവങ്ങൾ..
പള്ളിയിൽ പുൽക്കൂട് ഞങ്ങൾ KCYM കാരുടെ വകയായിരിക്കും... തലേ ആഴ്ച വേദോപദേശ ക്ലാസ്സിൽ നിന്നും ഒരു മണിക്കൂർ തരും ആകെ പുൽക്കൂട് ഉണ്ടാക്കാൻ.. വീടൊക്കെ അകലെ ആയതുകൊണ്ട് അധികം നേരമൊന്നും കിട്ടില്ല. പിന്നെ ക്രിസ്മസ് ന്റെ തലേദിവസം പകൽ.. ഇത്രയും സമയം കൊണ്ട് ആവശ്യം ഉള്ള row materials ഒക്കെ collect ചെയ്തു പുൽക്കൂടു റെഡി ആക്കും....ആകെ വാങ്ങുക അതിൽ decorate ചെയ്യാൻ കുറച്ചു വർണ്ണ കടലാസ്സും ബലൂൺ കളും....

പിന്നെ കരോൾ.. ഇടവകയിലെ എല്ലാരും ചേർന്ന് ഒരു കരോൾ ടീം.. അത് 5-6 ദിവസം കൊണ്ട് ഇടവകയിലെ എല്ലാ വീടും സന്ദർശിക്കും... എന്റെ വീടൊക്കെ അകലെ ആയതുകൊണ്ട് ഇവർ വരുന്ന ദിവസം അമ്മച്ചി നല്ല ബോണ്ട ഉണ്ടാക്കും.. അവർക്ക് കൊടുക്കാൻ..

ഒരു പ്രാവശ്യം ബോണ്ട ഒക്കെ കഴിച്ച് പുൽക്കൂട്ടിൽ കൊണ്ട് വെച്ച ഉണ്ണി യേശുവിനെ എടുക്കാൻ മറന്നു പോയി അവർ.. അവസാനത്തെ വീട് ആയതുകൊണ്ട് ആരും അത് ശ്രദ്ധിച്ചതേയില്ല... പിറ്റേദിവസം രാവിലെ ഞങ്ങൾ നോക്കിയപ്പോൾ പുൽക്കൂട്ടിൽ വലിയൊരു ഉണ്ണിയേശു.. പിന്നെ ആ ഉണ്ണിയേശുവിനെയും കൊണ്ട് അടുത്ത വീട്ടിലെ കുട്ടികളെയൊക്ക കൂട്ടി ഒരു ഘോഷ യാത്ര ആയിരുന്നു

പള്ളിയിലേക്ക്.. പോകുന്ന വഴി നാട്ടുകാരോടൊക്കെ ഉണ്ണിയേശുവിനെ മറന്നു വെച്ച ചരിത്രം പറഞ്ഞ് കൊണ്ട്....ആലോചിക്കുമ്പോൾ ഇപ്പോഴും അഭിമാനം തോന്നും... അന്ന് പെൺകുട്ടികളെയോ ന്നും കരോളിൽ കൂട്ടാറില്ല... അപ്പൊ ഉണ്ണി യേശു വിനെ കൊണ്ട് നടക്കാൻ കിട്ടിയ അവസരം... ശരിക്കും ആസ്വദിച്ചു...

ഇപ്പോളും ക്രിസ്മസ് മറ്റു ഏത് ആഘോഷങ്ങളെക്കാൾ മനസ്സിന് ഉണർവ് നൽകു ന്നത് തന്നെയാണ്... ഇനി ആ പഴയ കാലത്തെ പോലെ 'പുൽ' കൂടുകളും കരോ ളുകളും ഒക്കെ തിരിച്ച് വരുമോ എന്ന് അറിയില്ല... എന്നാലും മനസ്സിൽ ആഗ്രഹം ഉണ്ട്.. അതൊക്കെ കാണാൻ..... എല്ലാവർക്കും നല്ലൊരു ക്രിസ്തുമസ് ആശം സിക്കുന്നു... പുൽക്കൂട്ടിൽ പിറക്കുന്ന ഉണ്ണിയേശു നമ്മുടെയൊക്കെ ഹൃദയത്തിലും പിറക്കട്ടെ....

---

# മുനമ്പം ജനതയുടെ മൗലികാവകാശങ്ങൾ നിഷേധിക്കരുത്



വർഷങ്ങളായി കരമടച്ചു ജീവിച്ചിരുന്ന സ്വന്തം കിടപ്പാടത്തുനിന്നും ഏതു നിമി ഷവും കുടിയൊഴിപ്പിക്കപ്പെടാമെന്ന് ഭയപ്പെട്ട് ജീവിക്കേണ്ടി വരുന്ന മുനമ്പം ജനത ക്ക് നീതി ഉറപ്പാക്കണമെന്നും, മുനമ്പം ജനതയുടെ മൗലികാവകാശങ്ങൾ ഒരു കാരണവശാലും നിഷേധിക്കരുതെന്നും കത്തോലിക്ക കോൺഗ്രസ് അയ്യന്തോൾ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പൊതുസമ്മേളനം ആവശ്യപ്പെട്ടു.

മുനമ്പം സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു നടത്തിയ യോഗം വികാരി ഫാ വർഗീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് യൂണിറ്റ് പ്രസിഡന്റ് ജെൽഫൻ വടക്കൻ അധ്യക്ഷത വഹിച്ചു. കത്തോലിക്ക കോൺഗ്രസ് മുൻ രൂപത ട്രഷറർ ജെയിംസ് മുട്ടിക്കൽ മുഖ്യ പ്രഭാഷണം നടത്തി. യൂണിറ്റ് സെക്രട്ടറി ജോൺസൻ കാഞ്ഞിരത്തിങ്കൽ നന്ദി പറഞ്ഞു.

ജോൺസൻ കാഞ്ഞിരത്തിങ്കൽ, സെക്രട്ടറി

# ആട്ടിടയന്മാർക്കു ലഭിച്ച സദ്‌വാർത്ത

– ട്രീസ വിൻസെന്റ്
സെന്റ് ജോൺസ് യൂണിറ്റ്

ആട്ടിടയന്മാരെപ്പറ്റി ചിന്തിക്കുമ്പോൾ എന്റെ മനസ്സിൽ ആദ്യം കടന്നുവരുന്ന ഒരു ചിത്രമുണ്ട്. അത് ഒരു കുഞ്ഞാടിനെ കയ്യിലേന്തി നില്ക്കുന്ന നമ്മുടെ ഈശോയുടെ ചിത്രമാണ്. ഇനി ആരാണ് ഈ ആട്ടിടയന്മാർ? എന്തുകൊണ്ടാണ് കർത്താവിന്റെ ദൂതൻ സദ്‌വാർത്ത ആട്ടിടയന്മാരെ ആദ്യം അറിയിച്ചത്? എന്തായിരുന്നു സദ്‌വാർത്ത? സ്വന്തം ആടുകളേയും, മറ്റുള്ളവരുടെ ആടുകളേയും രാത്രിയും പകലും വന്യമൃഗ ങ്ങളിൽ നിന്നും സംരക്ഷിക്കാൻ വേണ്ടി കഷ്ടപ്പെടുന്ന ഒരു പറ്റം സാധാരണ മനുഷ്യ രാണ് ആട്ടിടയന്മാർ. ആടുകൾക്ക് വേണ്ടി ജീവൻ കൊടുക്കുവാൻ പോലും അവർ മടിച്ചിരുന്നില്ല. വിശുദ്ധനാട് സന്ദർശിക്കുമ്പോൾ ബെത്‌ലേഹമിൽ നിന്ന് രണ്ടര കി ലോമീറ്റർ ആകലെ ആട്ടിടയന്മാരുടെ പള്ളിയും. ആട്ടിയന്മാർ ആടുകളെ സംരക്ഷി ച്ചിരുന്ന ഗുഹപോലെയുള്ള സ്ഥലങ്ങളും നമുക്ക് കാണുവാൻ സാധിക്കും. ആട്ടി ടയന്മാരുടെ പള്ളിയുടെ പ്രവേശനകവാടത്തിൽ Gloria In Excelsis Deo എന്ന് എഴുതിവച്ചിട്ടുണ്ട്. സന്മനസ്സുള്ളവർക്ക് സമാധാനം എന്നതാണ് ഇതിന്റെ അർത്ഥം. ഇത് ആട്ടിടയന്മാർക്ക് മാത്രം മാലാഖ നൽകുന്ന സംബോധനയാണ്. പഴയനിയമ ത്തിൽ ആദ്യത്തെ ആട്ടിടയൻ ആബേലായിരുന്നു. അബ്രാഹം, യാക്കോബ്, പൂർവ്വ പിതാക്കന്മാരെല്ലാവരും തന്നെ ആടുകളെ മേച്ചിരുന്നവരായിരുന്നു. ദാവീദിന്റെ പട്ടണമായ ബെത്‌ലേഹമിൽ ഒരു രക്ഷകൻ യേശു ജനിക്കുമെന്ന് പഴയനിയമഗ്രന്ഥ ങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ടല്ലോ.

ദാവീദ് രാജാവും ഒരു ഇടയബാലനായിരുന്നുവല്ലോ. അങ്ങനെയാണെങ്കിൽ യേശു ജനിച്ച വാർത്ത ആദ്യം അറിയേണ്ടത് ആട്ടിടയന്മാരല്ലേ. അതാണ് അവിടെ സംഭവി ച്ചത്. വി. ലൂക്കായുടെ സുവിശേഷം ലൂക്കാ 2.11-12 വയലുകളിൽ ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ആട്ടിടയന്മാർക്ക് ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചി രിക്കുന്നു. എന്ന സദ്‌വാർത്ത ആദ്യം അറിയിച്ചു. ഈ സുവിശേഷം കേട്ടയുടനെ അവർ ബെത്‌ലേഹമിൽ പോയി. യേശുവിനേയും മറിയത്തേയും ജോസഫിനേയും കണ്ടു. അവർ ദൈവത്തെ മഹത്വപ്പെടുത്തുകയും മറ്റുള്ളവരെ അറിയിക്കുകയും ചെയ്തു. യേശു പറയുന്നു: ഞാനാണ് നല്ല ഇടയൻ നല്ല ഇടയൻ തന്റെ ആടുകൾ ക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നു. നല്ല ഇടയനായ യേശു രക്ഷകൻ ജനിച്ചു വെന്ന സദ്‌വാർത്ത ആദ്യം അറിയുകയും ആ സുവിശേഷം മറ്റുള്ളവരെ അറിയിക്കു കയും ചെയ്ത ആട്ടിടയന്മാരല്ലേ ആദ്യത്തെ സുവിശേഷകന്മാർ.

എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ

# ഹൃദ്യമായ ക്രിസ്തുമസ്സ്

**ബീന വിൻസെന്റ്**
**സെന്റ് മേരീസ് യൂണിറ്റ്**

കഷ്ടപ്പാടുകൾ നിറഞ്ഞ ജീവിതം ആ ഇടയനെ തളർത്തി. ദുരന്തങ്ങളുടെ ദിനങ്ങൾ അവസാനിക്കണേ എന്ന് ദൈവത്തോട് അവൻ നിരന്തരം പ്രാർത്ഥിച്ചു. പക്ഷേ, കഷ്ടപ്പാടുകൾക്ക് യാതൊരു കുറവുമില്ല. രാത്രയും പകലുമില്ലാതെ ആടുകൾക്ക് കാവൽ നില്ക്കും. വന്യമൃഗങ്ങൾ അലഞ്ഞുതിരിയുമ്പോൾ ആടുകളെ സംരക്ഷിക്കുക ഏറെ ബുദ്ധിമുട്ടാണ്. ഭയപ്പാടോടെയാണെങ്കിലും ആടുകളെ അവൻ സംരക്ഷിച്ചുപോന്നു. പകലന്തിയോളം അവരെ മേയിച്ചുകൊണ്ടിരിക്കും. രാത്രിയിൽ ആടുകളെ കൂട്ടി അവയുടെ അരികിൽ കാവലിരിക്കും. ഒന്നു ഉറങ്ങുവാൻ ഏറെ കൊതിച്ചു. ക്രൂരനായ യജമാനനോടുള്ള ഭയം അവനെ വേട്ടയാടിക്കൊണ്ടിരുന്നു.

എത്ര ദുഃഖമുണ്ടായാലും പ്രാർത്ഥിക്കുക പതിവായിരുന്നു. മാതാപിതാക്കൾ നഷ്ടപ്പെട്ടവനെങ്കിലും തന്നെ കരുതുന്ന ദൈവത്തിൽ അവന് വിശ്വാസമുണ്ടായിരുന്നു. പ്രാർത്ഥനയിൽ അവന്റെ കൂട്ടുകാരും അവനോടൊപ്പമുണ്ടാകും. കൂട്ടുകാരോടൊപ്പം അവൻ ദൈവസ്തുതികളിൽ മുഴുകിയിരിക്കുമ്പോൾ ഒരു ദൈവാനുഭവം അവനുണ്ടായി. ആ രാത്രിയുടെ ഓരോ നാഴിക കടന്നുപോകുമ്പോൾ അവന്റെ ഉള്ളിൽ സന്തോഷംകൊണ്ട് നിറഞ്ഞു. അവൻ കൂടുതൽ ഉച്ചത്തിൽ പാടിസ്തുതിക്കാൻ തുടങ്ങി. അപ്പോൾ ദൂരെ ആകാശത്ത് ഒരു മിന്നലാട്ടം അവന്റെ ശ്രദ്ധയിൽ പെട്ടു. അത് അവന്റെ അടുത്തേയ്ക്ക് നീങ്ങുന്നുണ്ടായിരുന്നു. കൂടെയുണ്ടായിരുന്നവരെ അവൻ വിളിച്ചുണർത്തി അവരെല്ലാവരും അത് ശ്രദ്ധിച്ചു. വിണ്ണിലെ സുന്ദരമായ ദൃശ്യം എത്ര വിശിഷ്ടമായ കാഴ്ച, കാതുകൾക്ക് ആനന്ദം കൊള്ളിക്കുന്ന സ്വർഗ്ഗീയഗാനം. മാലാഖമാരുടെ നൃത്തം! അവർ ആനന്ദഭരിതരായി. അപ്പോൾ മുകളിൽനിന്ന് ഒരു സ്വരം കേട്ടു. ഭയപ്പെടേണ്ട ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു (ലൂക്ക 2:10-11). ആ സ്വർഗ്ഗീയ ദൃശ്യം മറഞ്ഞുപോയി. ആട്ടിടയന്മാർ പരസ്പരം പറഞ്ഞു: നമ്മുത് ബെത്ലേഹം വരെ പോകാം കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്ക് കാണാം (ലൂക്കാ 2-15).

ഒരു നക്ഷത്രം അവിടെ പ്രത്യക്ഷപ്പെട്ട് അവർക്ക് മുന്നിൽ വഴികാട്ടിയായി അതു ചെന്നെത്തിയത് ഒരു പുല്ക്കൂട്ടിൽ ആയിരുന്നു. ആ പുൽകൂട്ടിൽ കീറത്തുണിയിൽ കിടക്കുന്ന രക്ഷകനെ അവൻ ദർശിച്ചു. അവൻ ചിന്തിച്ചു. ദൈവം എന്നെപ്പോലെ തന്നെ ദരിദ്രനും കീറത്തുണിയിൽ കിടക്കുന്നവനുമാണല്ലോ കാലിത്തൊഴുത്തിനെ

സ്വർഗ്ഗമാക്കി മാറ്റിയ രക്ഷകനായ ദൈവത്തെ സ്തുതിച്ചുകൊണ്ട് അവൻ പറഞ്ഞു: എന്റെ ദാരിദ്ര്യവും ദുരിതങ്ങളും രക്ഷകനെ കണ്ടെത്താൻ എനിക്കിടയായി. അവൻ സന്തോഷത്താൽ തുള്ളിച്ചാടി. രക്ഷകനെ കണ്ട അവന്റെ ജീവിതം എത്ര സുന്ദരമാണ്.

ലോകത്ത ആദ്യത്തെ ക്രിസ്തുമസ്സ് അനുഭവം അവൻ സ്വന്തമാക്കി.

പ്രിയ കൂട്ടുകാരെ, നാം എന്തൊക്കെ നേടിയാലും അതെല്ലാം നമ്മുക്ക് ഒരിക്കൽ നഷ്ടപ്പെടും. നഷ്ടപ്പെടാത്തതായി ഒന്നേ ഉള്ളു. നമ്മുടെ ആത്മാവ്. പ്രാർത്ഥനയാലും, സുകൃതജപങ്ങൾ ഉരുവിട്ടും ഉണ്ണീശോയ്ക്ക് മനോഹരമായ പൂമെത്ത നമ്മുക്ക് ഒരുക്കാം. ഒരായിരം പുല്ക്കൂട് നിർമ്മിച്ചാലും എത്ര സമ്പത്തുചിലവഴിച്ച് ക്രിസ്തുമസ്സ് ആഘോഷിച്ചാലും ക്രിസ്തു നമ്മിൽ ജനിക്കുന്നില്ലെങ്കിൽ ക്രിസ്തുമസ്സ് വെറുമൊരു കഥയായി അവശേഷിക്കും. എല്ലാ കൂട്ടുകാർക്കും ക്രിസ്തുമസ്സ് ആശംസകൾ.

---

## Logos Quiz 2024 **ലെ വിജയികൾ**



4th Rank
Ann Tressa XI (Student)
B Group 84 Mark
Sr. Xavier's Unit



5th Rank
Rosy Johny
F group 91 Mark
St. Pauls Unit

1. Rosy Jose (F) - St. Xavier's Unit 87 Marks
2. Lucy Joy (F) 86
3. Vincy Paulose - Little Flower (D) 85 Makr
4. Davis Therattil - Holy Family (F) 82 Mark
5. Anjali Joy - Holy Trinity (E) 81 Mark
6. Sudha Antony - St. Pauls (F) 78 Marks
7. Jospheena Joy - St. Mary's Unit (E) 78 Marks
8. Pushpa Varghese - St. Thomas Unit 72 Marks

# ക്രിസ്തുമസ്സ്

## - കൃപ ലഭിച്ചവരുടെ ദിനം

**വിൻസെന്റ്**
**സെന്റ് മേരീസ് യൂണിറ്റ്**

ക്രിസ്തുമസ്സ് കൃപയ്ക്കുമേൽ കൃപ വർഷിച്ച ദിനം! പാപികളും അഹങ്കാരികളുമായിരുന്നിട്ടും മനുഷ്യന്റെ ദൈന്യതയിലേയ്ക്ക് ദൈവം വിരുന്നുവന്ന ദിനം. മനുഷ്യന്റെ സകല അഹന്തയേയും തന്റെ അത്ഭുതാവഹമായ എളിമകൊണ്ട് ക്രിസ്തു പരാജയപ്പെടുത്തുന്ന ദിനം. അതെ ഈ ദൈവകൃപ ലഭിക്കുവാൻ അതിനായി നമ്മെത്തന്നെ ഒരുക്കുവാൻ പുൽക്കൂട്ടിലെ ഉണ്ണി എന്റെ ഹൃദയത്തിൽ പിറക്കുവാൻ നമ്മത്തന്നെ ഒരുക്കേണ്ട അവസരമാണ് ഡിസംബർ മാസത്തിലെ 25 ദിനങ്ങൾ.

എന്താണ് കൃപ ലഭിക്കുവാൻ അതിൽ വളരാൻ ആവശ്യമായ ഘടകങ്ങൾ... നമ്മുക്ക് ചിന്തിക്കാം.

### 1. ക്രിസ്തുവിന്റെ ബലിയോട് ചേർന്ന് നിൽക്കുക.

ക്രിസ്തുമസ്സ് എന്ന വാക്കിന്റെ അർത്ഥം ക്രിസ്തുവിന്റെ ബലി എന്നാണ്.

യേശുപിറന്നത് ബെത്ലേഹം ദേവാലയത്തിന്റെയും പ്രതീകം തന്നെയാണ്. അവൻ പിറക്കുന്ന പുൽക്കൂട് ബലിവേദിയുമാണ്. വി. കുർബാനയുടെ ആത്മീയതയാകുന്ന ചെറുതാകലും ശൂന്യവൽക്കരണവും തന്നെയാണ് ക്രിസ്തുമസ്സിലും സംഭവിക്കുന്നത് (ഫിലി 2:6-8). അതുകൊണ്ട് തന്നെയാണ് ക്രിസ്തുമസ്സ് ഈശോയുടെ യഥാർത്ഥ ബലിയാണന്നുപറയുവാൻ കാരണം. ഓരോ വി. കുർബാനയും അക്ഷരാർത്ഥത്തിൽ ക്രിസ്തുമസ്സ് തന്നെയാണല്ലോ. അനുദിനബലിയിൽ എന്നും ജനിക്കുകയും മരിക്കുകയും ഉത്ഥാനം ചെയ്യുകയും ചെയ്യുന്ന ക്രിസ്തുവിനെ തിരിച്ചറിയാതെ നാം അർപ്പിക്കുന്ന ബലികളും പ്രാർത്ഥനകളും വെറും അധരവ്യായാമങ്ങളായി മാറും. കൃപ ലഭിക്കണമെങ്കിൽ നാം ക്രിസ്തുവിന്റെ ബലിയോട് ചേർന്ന് നിൽക്കണം.

**2. ഭയപ്പെടേണ്ടാ (ലൂക്ക 2-10)** മാലാഖമാർ ആട്ടിടയന്മാർക്ക് നൽകിയ സന്ദേശത്തിലെ ആദ്യവാക്യം തന്ന അർത്ഥപൂർണ്ണമാണ് 'ഭയപ്പെടേണ്ട', അനുദിനജീവിതത്തിൽ ഭയപ്പെടുത്തുന്ന അനവധി സന്ദർഭങ്ങളിലൂടെ നാം കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. ആണവായുധങ്ങൾക്കുമീതെ ആയുസ്സിന്റെ വില പറയുന്ന

ലോകസാമ്രാജ്യശക്തികളും ഏകാധിപതികളും മനുഷ്യരാശിയെ ഭയപ്പെടുത്തുമ്പോൾ പുൽക്കൂട്ടിൽ പിറന്നവൻ തരുന്ന ആശ്വാസവചനം ഭയപ്പെടേണ്ട എന്നതാണ്. പുൽക്കൂട്ടിനു ചാരെ നിന്ന് ജീവിതത്തെ പുതിയ കാഴ്ചപ്പാടോടെ പുനരാഖ്യാനം ചെയ്യാൻ ക്രിസ്തു നമ്മെ ക്ഷണിക്കുന്നു. ഭയത്തിന്റെ ആകുലതകളുടെ മേഖലകളെ അതിജീവിക്കുവാൻ കഴിയുമ്പോഴാണ് കൃപസമൃദ്ധമായി നമ്മുടെ ജീവിതത്തിലേയ്ക്ക് വരുക ഭയത്തെ അകറ്റുമ്പോഴാണ് ക്രിസ്തുമസ്സ് കൃപ ലഭിച്ചവരുടെ ദിനമായി മാറുന്നത്.

### 3. ക്രിസ്തുവിനായ് വഴിയൊരുക്കുക.

ക്രിസ്തുവിന് വഴി ഒരുക്കുന്നവരുടെ കൂടെ അവന്റെ കരം ഉണ്ടായിരിക്കുമെന്നത് എത്ര സുന്ദരമാണ്! എന്റെ ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും ക്രിസ്തുവിന് വഴിയൊരുക്കേണ്ടവരല്ലേ നാം.. വഴിയൊരുക്കുക എന്നത് അതിന്റെ പൂർണ്ണതയിൽ മറ്റൊരു ക്രിസ്തുവായി മാറുകയെന്നല്ലേ അർത്ഥം. അപ്രകാരം ഈ ലോകത്തിൽ മറ്റൊരു ക്രിസ്തുവായി എനിക്ക് മാറാൻ കഴിയുമെങ്കിൽ വഴിയൊരുക്കുക എന്നത് വലിയ ആൽമീയ തലമായി തിരിച്ചറിയാൻ കഴിയുമെങ്കിൽ നാം കൃപ നിറഞ്ഞവരായി മാറുമെന്നതിൽ സംശയമില്ല. അപ്പോഴേ നമ്മുക്ക് ക്രിസ്തുമസ് ജീവിക്കുന്ന അനുഭവമായി മാറൂ....

ഈ വിശുദ്ധ ചിന്തകൾ ക്രിസ്തുമസിനായുള്ള ഒരുക്കത്തിൽ ഈ 25 നോമ്പുകാലത്തിൽ നമ്മുടെ ആത്മീയ ജീവിതത്തിന് ഊർജ്ജം പകരട്ടെ. നമ്മുടെ ചിന്തകളെ മനോഭാവങ്ങളെ തിരുത്തേണ്ട ഒത്തിരിയേറെ മേഖലകളെ തിരുത്തിക്കൊണ്ട് കൃപയ്ക്കുമേൽ കൃപലഭിക്കുവാൻ കൃപ നിറഞ്ഞവരായി ഉണ്ണിയെ വരവേൽക്കുവാൻ നമുക്ക് ഒരുങ്ങാം.



തൃശ്ശൂർ ജില്ല കൺസ്യൂമർ
പ്രൊട്ടക്ഷൻ കൗൺസിൽ മെമ്പറായി
നോമിനേറ്റ് ചെയ്യപ്പെട്ട
നമ്മുടെ ഇടവകാംഗം

**ജെയിംസ് മുട്ടിക്കലിന്**

അഭിനന്ദനങ്ങൾ

# മറ്റുള്ളവരിലെ നന്മകണ്ട് സന്തോഷിക്കാൻ

**ബീന വിൻസെന്റ്, സെന്റ് മേരീസ് യൂണിറ്റ്**

ആബേലിന്റെ നന്മ കായേൻ കാണാതെപോയി. ജോസഫിന്റെ നന്മ സഹോദരങ്ങൾ കാണാതെ പോയി. നാബോത്തിന്റെ നന്മ ആഹാബും ജസബേൽ രാജ്ഞിയും കാണാതെപോയി. ദാവീദിന്റെ നന്മ സാവൂൾ കാണാതെ പോയി. സ്നാപകന്റെ നന്മ ഹേറോദോസും ഹേറോദിയായും കാണാതെ പോയി. സൂസന്നായുടെ നന്മ രണ്ട് ശ്രേഷ്ഠന്മാർ കാണാതെപോയി. ഈശോയുടെ നന്മ യൂദാസ് കാണാതെ പോയി. ഈ അവസ്ഥ നിന്നിൽ ഉണ്ടാകരുത്. മറ്റുള്ളവരിലെ നന്മ കണ്ട് സന്തോഷിക്കാൻ നിനക്ക് കഴിയട്ടെ. മറ്റുള്ളവരുടെ നന്മയ്ക്കായി അദ്ധ്വാനിക്കാനും നിനക്കു കഴിയട്ടെ, തന്റെ സഹോദരനായ ആബേലിന്റെ ബലിയിൽ ദൈവം പ്രസാദിച്ചതിനെ ഓർത്ത് കായേൻ സന്തോഷത്താൽ തുള്ളിച്ചാടേണ്ടതായിരുന്നു. എന്നാൽ കേയേന് അതിന് സാധിച്ചില്ല. സന്തോഷിക്കേണ്ടതിനും അഭിനന്ദിക്കുന്നതിനും പകരം അവനെ കൊന്നു. തന്റെ ദാസനായ ദാവീദിന് ലഭിച്ച വിജയം കണ്ട് സാവൂൾ സന്തോഷിക്കേണ്ടതും ദാവീദിനെ ഓർത്ത് അഭിമാനിക്കേണ്ടതും ദാവീദിന് സമ്മാനങ്ങൾ നൽകേണ്ടതുമായിരുന്നു. എന്നാൽ സാവൂളിനു അതിനു കഴിഞ്ഞില്ല. സാവൂൾ ദാവീദിനെ നിരന്തരം നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. തന്റെ ഉള്ളിലെ അസൂയ കണ്ടെത്താനോ അതിനെ ഇല്ലാതാക്കാനോ ശ്രമിച്ചില്ല. മറ്റുള്ളവരിൽ നന്മകണ്ട് സന്തോഷിക്കണമെങ്കിൽ നന്മയും സ്നേഹവുമായ ദൈവം ഉള്ളിലുണ്ടാകണം. മുപ്പത്തെട്ടുവർഷം തളർന്നുകിടന്ന മനുഷ്യനെ ഈശോ സുഖപ്പെടുത്തി. ആ മനുഷ്യൻ എഴുന്നേറ്റ് നൃത്തം വച്ചപ്പോൾ ആ മനുഷ്യന്റെ കൂടെ സന്തോഷിക്കാതെ സാബത്തു ലംഘിച്ചു എന്ന തെറ്റ് ആരോപിച്ച് അയാളെ തളർത്താൻ നോക്കുകയായിരുന്നു ചിലർ (യോഹ 5:5).

മറ്റുള്ളവരിൽ ദൈവം ചെയ്യുന്ന നന്മകൾ കണ്ട് നിനക്ക് സന്തോഷിക്കാൻ കഴിയുന്നുണ്ടോ? നിന്റെ ജീവിതത്തിൽ ഈശോ സമൃദ്ധമായി അനുഗ്രഹങ്ങൾ നൽകുമ്പോൾ നിന്നെ അഭിനന്ദിക്കേണ്ടവരും നിറഞ്ഞ അസൂയയോടെ നിന്നെ പഴിച്ചേക്കാം ഈശോ ഹൃദയത്തിലുള്ളവർക്കാണ് എപ്പോഴും നിന്റെ നന്മയിൽ സന്തോഷിക്കാൻ തോന്നൂ. കാരണമില്ലാതെ നീ കൂടുതൽ കൂടുതൽ അനുഗ്രഹിക്കപ്പെടുന്നത് കാണുമ്പോൾ നിന്നിൽനിന്ന് അകലുന്നവരേയും നിന്നെപ്പറ്റി മോശമായി പറയുന്നവരേയും ഓർത്ത് വിഷമിക്കേണ്ടതില്ല. ദൈവത്തിൽ നിന്നുവരുന്ന നന്മകൾ കാണാനുള്ള കാഴ്ച അവർക്കില്ലെന്ന് മനസ്സിലാക്കുക അവർക്കായി പ്രാർത്ഥിക്കുക അവരെ സ്നേഹിക്കുക.

പ്രാർത്ഥന : പരിശുദ്ധാത്മാവേ മറ്റുള്ളവരിലെ നന്മയും വളർച്ചയും വിജയവും കണ്ട് സന്തോഷിക്കാൻ കൃപ തരണമെ.

# ദൈവം ഒരു കുഞ്ഞായ് വരുമ്പോൾ...

ബീന വിൻസെന്റ്
സെന്റ് മേരീസ് യൂണിറ്റ്

കുരുന്നുകളെ കാണുന്നത് ആർക്കാണ് ഹരം പകരാത്തത്. പലപ്പോഴും വളരെ ബലം പിടിച്ചിരിക്കുന്ന ഗൗരവസ്വഭാവമുള്ള ആളുകൾ പോലും കുഞ്ഞുങ്ങളുടെ ചില പ്രയോഗങ്ങൾ കാണുമ്പോൾ പൊട്ടിച്ചിരിച്ചുപോകും. ഒരു കുഞ്ഞിന്റെ വരവ് ഒരു വീടിനെ എത്രമാത്രമാണ് സന്തോഷിപ്പിക്കുക. എന്തെല്ലാം ഒരുക്കങ്ങളാണ് പല വീടുകളിലും കുഞ്ഞുങ്ങളുടെ വരവിനുവേണ്ടി ചെയ്യുക. കാരണം ലോകത്തില ഏറ്റവും ആകർഷണമുള്ള ഒരു വ്യക്തി ആരാണെന്ന് ചോദിച്ചാൽ കുഞ്ഞുങ്ങളാണെന്ന് പറയേണ്ടിവരും. കാരണം ദൈവം അത്രമാത്രം പ്രത്യേകതകൾ കുഞ്ഞുങ്ങളിൽ ചൊരിഞ്ഞിട്ടുണ്ട്.

ആ ദൈവം ഒരു കുഞ്ഞായി നമ്മുടെ ഇടയിലേക്ക് വരുന്നത് നമ്മുക്ക് ഉൾക്കൊള്ളുവാൻ സാധിക്കുമോ? സാധിച്ചില്ല എന്നാണ് ലൂക്ക സുവിശേഷകൻ പറയുക. സാധാരണ ബുദ്ധിയും വൈഭവവുമുള്ളവർക്ക് അത് സാധിക്കാരിതിരുന്നതുകൊണ്ട് ദൈവം അധികം വിദ്യാഭ്യാസമില്ലാത്ത അസാമാന്യ 'ലോക' സാമർത്ഥ്യം കാണിക്കാതിരുന്ന ആട്ടിടയന്മാരെയാണ് ആ സ്ന്ദേശം അറിയിച്ചത്. ഇതായിരിക്കും നിങ്ങൾക്ക് അടയാളം പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും (ലൂക്ക 2:12). ദൈവം എന്നെ കാണുവാൻ വരുന്നത് വളരെ വ്യത്യസ്തമായ ഭാവങ്ങളിലാണെന്ന് സാരം. വളരെ അപ്രതീക്ഷിതമായ സാഹചര്യങ്ങളിൽ ഞാൻ ചവിട്ടിനിൽക്കുന്ന മണ്ണിനെപ്പോലും ഇളക്കിമാറ്റിക്കൊണ്ട് ദൈവം വരും എന്നെ കാണുവാൻ. ആ ദൈവത്തെ തിരിച്ചറിയുവാൻ പാകമായ നിർമ്മല മനസ്സും സ്നേഹപ്രകൃതിയും എന്റെ സ്വഭാവത്തിന്റെ ഭാഗമായി മാറണം. നമ്മളിൽ പലരും ഇടയ്ക്കൊക്കെ കുഞ്ഞാകുവാൻ മറന്നുപോകുന്നില്ലേ എന്ന് ക്രിസ്തുമസ് നമ്മോട് ചോദിക്കുന്നു. ഒരു സമ്മാനം കിട്ടുമ്പോൾ സന്തോഷിക്കുവാൻ ഒരുനല്ല ആഹാരം കഴിക്കുമ്പോൾ ആഹ്ലാദിക്കുവാൻ, വേദന മാറ്റുന്ന ഡോക്ടറുടെ മുഖത്തു നോക്കി ഒന്ന് പുഞ്ചിരിക്കുവാൻ, ആദരവോടെ അൾത്താരയെ നോക്കുവാൻ, സൃഷ്ടപ്രപഞ്ചത്തെ നോക്കി സ്നേഹംപൂണ്ട മിഴികളോടെ പ്രപഞ്ചത്തിൽ മറഞ്ഞിരിക്കുന്ന സ്രഷ്ടാവിനെ കാണുവാൻ നമ്മുക്ക് സാധിക്കുമ്പോഴാണ് ക്രിസ്തുമസ്സിന്റെ അർത്ഥം നമ്മിൽ വിരിയുക. രണ്ടായിരം വർഷങ്ങൾക്കുമുൻപ് മാത്രമല്ല, ദൈവം ഇപ്പോഴും ഇന്നും എന്നും നമ്മെ കാണുവാൻ നമ്മളാൽ കാണപ്പെടുവാൻ വന്നുകൊണ്ടിരിക്കുന്നു. നമ്മുക്കും കുഞ്ഞുങ്ങളെപ്പോലെയാകാൻ ശ്രമിക്കാം. അതിന്റെ നിഷ്കളങ്കമായ സ്നേഹവും ചിരിയും കരച്ചിലും ഒന്ന് നോക്കിനില്ക്കാം. ഒരുപക്ഷേ ആ കുഞ്ഞ് ഈശോ ആണെങ്കിലോ. "ഞാൻ എന്നും നിങ്ങളോടുകൂടെയുണ്ട്" എന്നുള്ളതല്ലേ അവൻ നൽകിയ ഏറ്റവും വലിയ സുവിശേഷം.ആമ്മേൻ.




## ലൂക്ക 22, 23, 24

1. പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ എന്നറിയപ്പെടുന്നത് ഏത് തിരുന്നാൾ?
2. എപ്പോഴാണ് യേശുവിനെ ഒറ്റിക്കൊടുക്കാൻ യൂദാസ് അവസരം പാർത്തിരുന്നത്?
3. പെസഹാഭക്ഷണത്തിനൊരുക്കാൻ ഈശോ ആരെയൊക്കെയാണ് അയച്ചത്?
4. ആരാണ് ശിഷ്യരെ ഗോതമ്പുപോലെ പാറ്റാൻ ഉദ്യമിച്ചത്?
5. സാത്താൻ ശിഷ്യരെ എന്തുപോലെയാണ് പാറ്റാൻ ശ്രമിച്ചത്?
6. ഈശോ പത്രോസിന് എന്തിനുവേണ്ടിയാണ് പ്രാർത്ഥിച്ചത്?
7. അവൻ നിയമലംഘകരോട് കൂടെ എണ്ണപ്പെട്ടു എന്നെഴുതപ്പെട്ടിരിക്കുന്നത് ഏത് പ്രവാചകന്റെ ഗ്രന്ഥത്തിലാണ്?
8. ഈശോ ശിഷ്യരിൽനിന്നും എത്രദൂരം മാറിയാണ് പ്രാർത്ഥിച്ചത്?
9. ഈശോയെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽനിന്നും ആരാണ് പ്രത്യക്ഷപ്പെട്ടത്?
10. ശിഷ്യന്മാർ എന്ത് കാരണത്താലാണ് തളർന്ന് ഉറങ്ങിപ്പോയത്?
11. തന്നെ ഒറ്റിക്കൊടുക്കാൻ വന്ന യൂദാസിനോട് ഈശോ എന്താണ് ചോദിച്ചത്?
12. യേശുവിനെ ആദ്യം എങ്ങോട്ടാണ് കൊണ്ടുപോയത്?
13. അകലെയായി ഈശോയെ അനുഗമിച്ച ശിഷ്യൻ ആര്?
14. തള്ളിപറഞ്ഞശേഷം കർത്താവ് പറഞ്ഞവചനം ഓർത്തപ്പോൾ പത്രോസ് എന്ത് ചെയ്തു?
15. യേശുവിനെ പരിഹസിക്കുകയും അടിക്കുകയു ചെയ്തതാര്?
16. സീസറിന് നികുതി കൊടുക്കുന്നതു നിരോധിച്ചുവെന്ന് പരാതി ആരോടാണ് ആലോചനാസംഘം ബോധ്യപ്പെടുത്തിയത്?
17. ഈശോയോട് പിലാത്തോസ് ചോദിച്ച ആദ്യത്തെ ചോദ്യം ഏത്?
18. പിലാത്തോസ് ആരുടെ അടുത്തേക്കാണ് ഈശോയെ അയച്ചത്?

19. ഈശോയെ കുരിശിൽ തറച്ചിട്ട് ആരെ വിട്ടുകൊടുക്കാനാണ് അവർ ആവശ്യപ്പെട്ടത്?
20. യേശുവിന്റെ കുരിശ് ചുമന്ന ശിമയോൻ ഏത് നാട്ടുകാരനായിരുന്നു?
21. യേശുവിനെ കുരിശിൽ തറച്ച സ്ഥലത്തിന്റെ പേര്?
22. വസ്ത്രം ഭാഗിച്ചെടുക്കാൻ അവർ എന്താണ് ചെയ്തത്?
23. ഏത് വിഭാഗക്കാരാണ് കുരിശിൽ കിടന്ന ഈശോയെ പരിഹസിച്ചത്?
24. ഈശോയ്ക്ക് വിനാഗിരി കൊടുത്തത് ആര്?
25. ഈശോയുടെ തലയ്ക്ക് മീതെ ഏത് ലിഖിതമാണ് ഉണ്ടായിരുന്നത്?
26. ഈ മനുഷ്യൻ തീർച്ചയായും നീതിമാനായിരുന്നു എന്ന് പറഞ്ഞതാര്?
27. യേശുവിന്റെ ശരീരം ആവശ്യപ്പെട്ട ജോസഫ് ഏത് പട്ടണത്തിൽ നിന്നുള്ളവനായിരുന്നു?
28. അരമത്തിയക്കാരൻ ജോസഫ് ആരോടാണ് ഈശോയുടെ ശരീരം ആവശ്യപ്പെട്ടത്?
29. ആലോചന സംഘത്തിലെ അംഗമായ ജോസഫിനെ തിരുവചനം വിശേഷിപ്പിക്കുന്നതെങ്ങനെ?
30. എന്ത്പറഞ്ഞാണ് ഈശോ തന്റെ ജീവൻ വെടിഞ്ഞത്?

## കഴിഞ്ഞമാസത്തെ ശരിയുത്തരങ്ങൾ

ബൈബിൾ ക്വിസ് ശരിയുത്തരങ്ങൾ

1. യേശുവിനെ കാണാൻ വേണ്ടി
2. ചുങ്കക്കാരൻ
3. സിക്കമൂർ മരം
4. സക്കേവൂസ് വേഗം ഇറങ്ങി വരുക. ഇന്ന് എനിക്കു നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു.
5. നഷ്ടപ്പെട്ടു പോയതിനെ കണ്ടെത്തി രക്ഷിക്കാൻ
6. പത്തു പേരെ
7. കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട്
8. ജറുസലേം
9. ഏശയ്യ 56: 7

10 മുന്തിരിത്തോട്ടവും കൃഷിക്കാരും

11. ദനാറ

12. സദുക്കായർ
13. നിയമജ്ഞർ
14. നിയമജ്ഞരുടെ
15. ദേവാലയ ഭണ്ഡാരത്തിൽ
16. രണ്ടു ചെമ്പുതുട്ടുകൾ
17. ജീവനെ നേടും
18. പർവ്വതങ്ങളിലേക്കു
19. അത്തിമരത്തെയും മറ്റു മരങ്ങളേയും കുറിച്ച്
20. വിജാതീയരുടെ നാളുകൾ പൂർത്തിയാകുന്നതുവരെ
21. എന്റെ വാക്കുകൾ
22. സദാ പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കുവിൻ
23. ദൈവാലയത്തിൽ
24. അതിരാവിലെ
25. 21-ാം അദ്ധ്യായത്തിൽ

## ബൈബിൾ ക്വിസ് നവംബർ ശരിയുത്തരങ്ങൾ അയച്ചവർ

1. ജിജോ എം.വി, സെ. പീറ്റർ യൂണിറ്റ്
2. സിസിലി എബ്രാഹം, സെ. ജോസഫ് യൂണിറ്റ്
3. മേരി വിൽസൻ മാപ്രാണം, സെ. പീറ്റർ യൂണിറ്റ്
4. വിനീഷ ജിജോ, സെ. പീറ്റർ യൂണിറ്റ്
5. ലൂസി ജോയി, സെ. സേവിയാർ യൂണിറ്റ്
6. സിറിൽ എം. ജോമോൻ, സെ. പീറ്റർ യൂണിറ്റ്
7. ആർദ്ര ജോമോൻ, സെ. പീറ്റർ യൂണിറ്റ്
8. ജോസഫീന ജോയ്, സെന്റ് മേരീസ് യൂണിറ്റ്
9. മേരി രാജു, സെന്റ് സേവിയാർ യൂണിറ്റ്
10. ഇവാൻ എം. ജിജോ, സെ. പീറ്റർ യൂണിറ്റ്
11. ഡെയ്സി അന്തപ്പൻ, സെ. മേരീസ് യൂണിറ്റ്
12. ഷെർളി ലോറൻസ്, സെ. മേരീസ് യൂണിററ്
13. മേരിക്കുട്ടി ജോൺ, ഹോളി ഫാമിലി യൂണിറ്റ്

---

## നറുക്കെടുപ്പിലൂടെ വിജയിയായത്

**ഷെർളി ലോറൻസ്, സെന്റ് മേരീസ് യൂണിറ്റ്**

---

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് 15-12-2024-നു
മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)

**ചായമിടൽ മത്സര വിജയി – നവംബർ 2024**

**ആന്റോണിയോ കെ.എസ്. ഹോളി ഫാമിലി യൂണിറ്റ്**

# 1-ാം ചരമവാർഷികം

25-12-2024



കുണ്ടുകുളങ്ങര കുഞ്ഞിപ്പു മകൻ

## വർഗ്ഗീസ്

ജനനം : 05-04-1948 മരണം : 25-12-2023

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കണമേ

പ്രാർത്ഥനാപൂർവ്വം

ഭാര്യ മേരി വർഗ്ഗീസ്, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

മഡോണ കുടുംബകൂട്ടായ്മ




Ocean
WE GIVE LIFE TO PLASTIC

**OCEAN POLYMER TECHNOLOGIES PVT. LTD**

V/35, Malar Road, Velappaya Medical College P.O., Thrissur - 680 596
Phone: 0487 2202767 / 68 / 8137909888 / 8137978880
www.theoceangroup.co.in  Email: enquiry@theoceangroup.co.in

**AUTHORISED DEALER**
**BENSON HARDWARES. Ph: 9387151738**

**FOR ENQUIRIES CALL: 0487 2202767**
CUSTOMER CARE: 8137909888

nirmaLa hiprint Ph : 0487 2387393